എല്ലാർക്കുമുള്ളഷ്ടവർഗ്ഗമൊക്കെ കൂട്ടീട്ടനന്തരം. ൧൧൦

രാശിതോറും സംഖ്യകാൺകു മുന്നൂറും മുപ്പത്തേഴും
സമുദായാഷ്ടവർഗ്ഗത്തിൽ പരലൊന്നരാശിയും. ൧൧൧

ഉദിക്കുമ്പോൾ നന്നവന്ന ലഗ്നമാരമിതായതു്
പിന്നെയും മുന്നിലെപ്പോലെ ത്രികോണൈകാധിപത്യവും. ൧൧൨

ശോധിച്ചാലൊരുരാശിക്കൽ പന്ത്രണ്ടിൽ പുനരേകിൽ
പന്ത്രണ്ടു കളവു പിന്നെയതുമണ്ഡലശോധന. ൧൧൩

രാശിഗ്രഹഗുണംകൊണ്ടു ഗുണിപ്പൂ ശേഷമുള്ളതു്
ഗുണിച്ചതൊക്കെക്കൂട്ടീട്ടു ഗുണിപ്പൂ പിന്നെയേഴിലും. ൧൧൪

ഇരുപത്തേഴുകൊണ്ടപ്പോൾ ഹരിച്ചാൽ വത്സരം വരും
മാസാദികളുമുണ്ടാക്കു പരമായുസ്സതായതു്. ൧൧൫

നൂററിലേറെയതുണ്ടാകിൽ നൂറും കളക മണ്ഡലം
പിന്നെസ്സൌരീകരണവും ചെയ്യണം മുൻപു ചൊന്നവൽ. ൧൧൬

അതുകൊണ്ടു ഗുണിക്കേണം ഭിന്നായുർദ്ദായമൊക്കവേ
വെവ്വേറെ വച്ചുകൊണ്ടാവൂ ഗുണിപ്പാൻ ഭിന്നദായകം. ൧൧൭

ഭിന്നാഷ്ടവർഗ്ഗദശകം ഗുണിക്കംമുമ്പിലുള്ളത്
ഒക്കെക്കൂട്ടിയതത്രന്നാലതു ഹാരകമായത്. ൧൧൮

അതുകൊണ്ടു ഹരിക്കുമ്പോളെല്ലാക്കും ദശാപിണ്ഡമാം
ലഗ്നത്തിനോ രാശിതുല്യം വത്സരം ചിലർ ചൊല്ലിനാർ. ൧൧൯

അംശതുല്യമിതെന്നന്യേ ലഗ്നാദ്യുദ്ഗ്രായങ്ങളെ
രണ്ടേടത്തിലുംകൊള്ളേണമെന്നുണ്ടു ചിലർ ചൊല്ലിനാർ. ൧൨൦

നവക്രമമിതോർത്തിട്ടു ദശാക്രമമറിഞ്ഞിട്ടു
അപഹാരം ചൊന്നപോലെ ഹോരാജാതകപദ്ധതിൽ. ൧൨൧

തന്റെ തന്റെ ദശാകാലമിഷ്ടാനിഷ്ടങ്ങളെങ്കിലും പുനഃ
അന്നു ചൊല്ലുന്ന രാശിലെ ഗുണം വർദ്ധിച്ചു വന്നിടും. ൧൨൨

ശുഭാശുഭങ്ങൾ കാണുമ്പോൾ ത്രികോണാദികൾ ശോധന
ചെയ്യാതെ നിരൂപിക്കേണം ഭാവത്തിൽ പരൽ വീണതു്. ൧൨൩

സൂര്യന്നു ചന്ദ്രൻ നിന്നേടമാദിയായിട്ടിട്ടുന്നതു
ചന്ദ്രനു നവകെട്ടുള്ളിൽ കണ്ടു പുണ്യമാം ഫലം. ൧൨൪

എല്ലാർക്കുമിങ്ങനെ ചൊല്ലാം ഫലം ശുഭം ദശാഫലം
അഷ്ടവർഗ്ഗാധിപർക്കു രാശ്യാ ചക്രവർത്തിയതാകുന്നു. ൧൨൫

അമാത്യന്മാരവരിൽ ഞങ്ങളെ നെപലം പരൽ വീണിടം
ഹോരാദിയിൽ ദശക്കുള്ള ഫലങ്ങളും ഗുണനത്തെയും ൧൨൬

തന്റെ ഗുണങ്കൽനിന്നു ശുഭങ്ങളും കണ്ടുകൊണ്ടേ
അതറിഞ്ഞിട്ടു ചൊല്ലേണ്ടതൊക്കും ഭാവശുഭാശുഭം. ൧൨൭

ചാരത്തിലേതും പുത്രാദിസംഖ്യകൾ വഴിയിങ്ങനെ.

നിജാഷ്ടവർഗ്ഗേ പരൽ മഹാരാശൌ
ഗ്രഹാണാം സമയേ വിധേയം
ശുഭം സമസ്തം ഗ്രഹചാരകാലേ
ഗ്രഹസ്ഥിതേഷു. ൧൨൮

ഉച്ചത്തിൽ ഗുണമുള്ളവൻനി-
ന്നാലും നാലുടങ്ങളാം
ഇരട്ടിതൻവീട്ടിലുള്ളന്ന ബന്ധൌ
സമം ചരേദ്ദ്വിം ശുഭമില്ല നീചേ ൧൨൯

കേന്ദ്രാദന്യത്രസംസ്ഥേ
ശശിനി ഗ്രഹസംയുതേഷ്ടവർഗ്ഗേണ
ആയുർദ്ദായം കല്പ്യാൽ
ദശമദശൈഷാ ക്രൂരസൌമ്യയുതൈഃ. ൧൱ ൰

ഗ്രഹസഹിതേ കേന്ദ്രസ്ഥേ
ചന്ദ്രേ കേന്ദ്രാൻ ബഹിസ്ഥിതൈഃ ശേഷൈഃ
ന മൃതാഷ്ടകവിധിനാ
ഗ്രഹദായം കല്പിതം മണിത്ഥേന. ൧൱ ൧

അഷ്ടവർഗ്ഗോപദേശങ്ങളെത്രയും ഗോപ്യമായവ
ഒമ്പതാമതിലീവണ്ണം ചൊല്ലിയെന്നറിയേണമേ. ൧൱ ൨ ൰

ഇതി പ്രശ്നസാരേ ഒൻപതാമദ്ധ്യായം

സമാപ്തം.

അദ്ധ്യായം ൧൰.

വത്സരപ്രശ്നമാകുന്ന നിത്യജാതകലക്ഷണം
അത്യന്തം ഗോപ്യമായുള്ളതിനി ചൊല്ലുന്നതുണ്ടു ഞാൻ. ൧

വച്ചുനേരത്തെക്കൊണ്ടു ലഗ്നചന്ദ്രാർക്കാദികം
ഗ്രഹങ്ങൾ മറ്റുള്ളവയും സൂക്ഷിച്ചെഴുതിയതിനാൽ. ൨

ആയവ്യയങ്ങളും സൂക്ഷിച്ചിട്ടു കണ്ടു ഫലങ്ങളും
ചൊല്ലുകൊത്തിട്ടതീവണ്ണമറിഞ്ഞിട്ടാക ചൊൽവതു്. ൩

ആദിത്യൻ ബലവാനായി നിൽപ്പൂ ഉപചയങ്ങളിൽ
എങ്കിൽ ഗുണം വരും കാലമുത്തരായണമായതു്. ൪

ചന്ദ്രൻ കേന്ദ്രത്രികോണങ്ങളൊന്നിൽ ശുഭയുതോ യദി
ദക്ഷിണായനമാം കാലം ഗുണമെന്നാക ചൊൽവതു്. ൫

ആദിത്യകാലമീവണ്ണമെന്നറിഞ്ഞാലുമേയിനി
ചിങ്ങവ്യാഴം ചിങ്ങമാസം ചിങ്ങക്കൂറുള്ള രാശിയും. ൬

ഉഷ്ണ ഗ്രീഷ്മം കാർത്തികത്രികോണമാനാറുകളും തഥാ
ആദിത്യദശയും പിന്നെയപഹാരവുമെന്നിവ. ൭

ആദിത്യകാലമീവണ്ണമറിയേണം വിശേഷതഃ
രാശി കർക്കടകം ക്രൂരം തിങ്കളും വ്യാഴവും തഥാ. ൮

നാളും രോഹിണിയോടത്തം തിരുവോണവുമാമത്
ദശാപഹാരവും തന്റെയൃതു വർഷമതായത്. ൯

ഇവ ചന്ദ്രനുള്ള കാലമെന്നറിഞ്ഞാലഥ ഭൌമം
വ്യാഴവും തിങ്കളും ക്രൂരം രാശിയും മേഷവൃശ്ചികെ. ൧൦

ദശാപഹാരവും തന്റെ ഗ്രീഷ്മമൃതുവായത്
നാളും മകയിരം ചിത്രയവിട്ടം ചൊവ്വകാലമാം. ൧൧

രാശിയും മിഥുനം കന്നി വ്യാഴം മാസങ്ങളും ക്രൂരകം
ദശാപഹാരവും തന്റെയൃതുവോ ശരദെന്നിത്. ൧൨

നാളിലായില്യം കേട്ട രേവതി ബുധകാലമാം
ധനുവും മീനവും വ്യാഴം മാസവും ക്രൂര രാശിയും. ൧൩

ദശാപഹാരവും തന്റെ ഹേമന്തമൃതുവായതും
പുണർതം വിശാഖം പൂരുരുട്ടാതി ഗുരുകാലമാം. ൧൪

തുലാവുമിടവം വ്യാഴം മാസം ക്രൂരമു രാശിയും
ദശാപഹാരവും തന്റെ വസന്തമൃതുവായതും. ൧൫

ഭരണീപൂരപൂരാടം നാളും ശുക്രന്റെ കാലമാം
മകരം കുംഭവും വ്യാഴം മാസം ക്രൂരമു രാശിയും. ൧൬

ദശാപഹാരവും തന്റൃതുശ്ശിശിരമായതും
പൂയം അനിഴമുത്രട്ടാതിയും മന്ദന്റെ കാലമാം. ൧൭

രാഹുന തന്റെ ദശയുമപഹാരവുമൊക്കവേ
ആതിര ചോതി ചതയം നാളും കാലമതായത്. ൧൮

അശ്വതി മകവും മൂലംനാളും കേതുന തന്നുടെ
ദശാപഹാരവും കാലം കാലമെല്ലാക്കമിങ്ങനെ. ൧൯

ഇവർക്ക ഫലമായുത്തപിക്കാലങ്ങളിലെല്ലുമെ.
ഇനി പ്രശ്നംവെച്ച രാശികൊണ്ടു സംവത്സരത്തിലെ. ൨൦

ഗുണദോഷങ്ങളറിയുംപ്രകാരം പറയുന്നിത്
വച്ചരാശിയുടെ പത്താംരാശിക്കധിപനായവൻ. ൨൧

നിന്നരാശിയിലെത്തുൻ ചൊല്ലുന്നാം ദോഷമേററവും
ഗുളികൻ നിന്ന ഞായററുനിലയും കല്പമെത്രയും. ൫൧

വച്ചരാശിയുടെ [illegible] നായവർ
നിന്നനക്ഷത്രമതിലും മരണസ്യ വിശേഷതഃ. ൫൨

ഛായ [illegible] പറയുന്നതു മുമ്പിൽ
നിത്യജാതക [illegible] രത്തിന്റെ വിശേഷതഃ. ൫൩

ആറാറു ഫലമുണ്ടല്ലോ ദിവസത്തിലതിങ്ങനെ
അയനസ്യ ഫലം പൂർവ്വമൃതുവിൻഫലവും തഥാ. ൫൪

ഞായററുനില തൻറയും ക്രൂററിനാം ദിവസത്തിനും
ദശാപഹാരഫലവും നാളിനാം ഫലമുണ്ടിനി. ൫൫

ഇഫ്ഫലം ചൊല്ലുമാറല്ലോ നിത്യജാതകമായതു
വച്ചരാശിയുടെ [illegible] ചൊല്ലുമേ [illegible] വ്യയം പുനഃ. ൫൬

കേതു നിൽക്കുന്ന [illegible] നില്ക്കുന്നരാശിയും
ബലഹീനൻ കേതുവെങ്കിൽ [illegible] അംശപതിയോ [illegible]. ൫൭

കേതു നില്ക്കുന്നരാശിയെ [illegible]
തിരിച്ചംശപതിഞായററിൽ [illegible] ദ്രവ്യമതിങ്ങിനെ. ൫൮

കേതുവിൻെറ [illegible] വ്യാഴം [illegible]
സ്വഗൃഹമംശപതിഞായററിൽ വ്യാഴമിച്ചു വിശേഷതഃ. ൫൯

ധനുമീനക്കൂറുകളെന്നിവയും [illegible]
[illegible] രാശിയിലാകുന്നു വ്യാഴമെന്നാകിലോ ഫലം. ൬൦

ജലദ്രവ്യങ്ങളും കിട്ടേണം [illegible]
സ്ഥാനമതാകിൽ [illegible] രാശിയിലെങ്കിലോ. ൬൧

പിന്നെ [illegible] ഞായററിൽ ഫലം ഉള്ളതു ചൊല്ലുക
രവിണാ [illegible] ചന്ദ്രനാൽ. ൬൨

മൂഗശേരിട്ടു [illegible] ചൊല്ലു [illegible]
[illegible] ഫലം ചൊല്ലുന്നു [illegible] പുനഃ. ൬൩

ബുധനും വ്യാഴവും കൂടെപ്പുണർതത്തിൽ [illegible]
പുഷ്യത്തിൽ [illegible] ബുധചന്ദ്രനാൽ. ൬൪

മഖാൎക്ഷേ രവികേതുഭ്യാം പൂൎവാൎക്ഷേ രവിശുക്രനാൽ
ഉത്തരാൎക്ഷേ ബുധാംഗാരാഭ്യാം ഹസ്താൎക്ഷേ ബുധചന്ദ്രനാൽ, ൩൬

ചിത്രാൎക്ഷേ ബുധസൌമ്യാഭ്യാം സ്വാത്യാം ശുക്രേണ രാഹുണാ
വിശാഖേ ഗുരുശുക്രാഭ്യാമനിഴേ കുജമന്ദരാൽ. ൩൭

ജ്യേഷ്ഠാൎക്ഷേ തു ഫലം ബ്രൂയാൽ ബുധേന ച കുജേന ച
മൂലാൎക്ഷേ ഗുരുകേതുഭ്യാം പൂരാടേ ഗുരുശുക്രനാൽ. ൩൮

ഉത്രാടേ രവിമന്ദാഭ്യാം ശ്രവണേ ശശിമന്ദരാൽ
ധനിഷ്ഠേ ശനിഭൌമാഭ്യാം ചതയേ രാഹുമന്ദരാൽ. ൩൯

പൂരുരുട്ടാതിനാമറ്റിൽചൊല്ലണം ഗുരുമന്ദരാൽ
ഉത്തൃട്ടാതിയാകിൽ ഗുരുണാ ശനിനാ വദേൽ. ൪൦

രേവത്യൎക്ഷേ ഫലം ബ്രൂയാൽ ബുധേന ഗുരുണാ ധ്രുവം
നക്ഷത്രദശനാഥന്മാർ നാളിന്നധിപനായള്ള്. ൪൧

ക്ഷേത്രാധിപത്യംകൂടേ നിരൂപിക്കണം ലക്ഷണം
ഇങ്ങനെ [illegible] ക്രമാൽ. ൪൨

നവാംശകങ്ങളെ നാൽക്കാചാൽ പന്ത്രണ്ടായതകപ്പെട്ട
അതിലൊന്നിന്നു ചൊല്ലുന്നു ഫലങ്ങളെതിരാം ക്രമാൽ. ൪൩

ധനം ഭക്തിവ്യാധിക്ലേശം [illegible] വസ്ത്രവും
സപ്തമം സൎവ്വധനമാം വിവാഹ[illegible]മാം ഫലം. ൪൪

ഫലമെട്ടുംകൂടിയുണ്ടാമെൻ പുരാമാംശകത്തിന്
അഷ്ടൈശ്വൎയ്യവുമിവണ്ണം നവാംശകഫലം ക്രമാൽ. ൪൫

മൂന്നാമുക്കാൽ തിഥിതക്കം യാമമെട്ടിനമിപ്പ്ഫലം
[illegible]തിനൊട്ടുക്കാമാവാ[illegible] മൂന്നാമുക്കാ[illegible]പ്പെട്ടു. ൪൬

തിഥി[illegible] നാ[illegible]ങ്ങളെന്നെ
യാമത്തിന്നും തിഥിതക്കം നവാംശകഫലം ക്രമാൽ. ൪൭

വിശേഷമുണ്ടു [illegible] കേന്ദ്രങ്ങളിൽ ചൊല്ലുന്നുണ്ടിഫ
ലമിതം [illegible] കാലം [illegible] പുനഃ. ൪൮

ആറാമതിന്ന വന്ധ്യം [illegible] ക്ഷേത്രം [illegible] ക്രമാൽ
പന്ത്രാമത്തിൽ ബന്ധുധനം കഷ്ടമെട്ടാംഫലം പുനഃ. ൪൯

യാമത്തിന്നിങ്ങനെയുണ്ടു വിശേഷമറിവു് അതും
ഇനി ത്രിംശാംശകഫലം കേൾക്ക ചൊല്ലുന്നതുണ്ടിഹ. ൪൦

ഗുരുത്രിംശാംശകം ശബ്ദമാകാശത്തിന്നുമവ ഹി
ശനിത്രിംശാംശകം വായു സ്പർശമെന്നും ധരിക്കണം. ൪൧

കുജത്രിംശാംശമാമഗ്നി രൂപമെന്നാണതാമെയതു്
ശുക്രത്രിംശാംശകം നീര് രസമെന്നും ധരിക്കണം. ൪൨

ബുധത്രിംശാംശകം ഭൂമി ഗന്ധമെന്നും ധരിക്കണം
ഇനിച്ചൊല്ലാം തിയതിക്ക മുപ്പതിന്നുമിതിങ്ങിനെ. ൪൩

ആകാശം വായുവഗ്നിപ്പു് പൃഥിവീയെന്നുമാദിയിൽ
പിന്നെ ശ്രോത്രത്വക്ചക്ഷുർജിഹ്വാഘ്രാണങ്ങളുമിവ. ൪൪

ശബ്ദസ്പർശങ്ങൾ രൂപങ്ങൾ രസം ഗന്ധമിതഞ്ചഥ
വാക്പാണിപാദപായൂപസ്ഥങ്ങളെന്നഞ്ചു പിന്നെയും. ൪൫

വചനാദാനഗമനവിസർഗ്ഗാനന്ദമഞ്ചഥ
അന്നപ്രാണമയം പിന്നെ മനോമയമനന്തരം. ൪൬

വിജ്ഞാനമയമാനന്ദം തിയതിയ്ക്കിവ മുപ്പതു്
ഫലമോരോന്നിനെന്നറിവു ധരിപ്പൂ താൻ ക്രമേണ ഹി. ൪൭

ഇനിപ്പഞ്ചൈകശപ്പുഫലം നാല്പത്തഞ്ചുണ്ടു കേൾക്കയും
നടേയംശത്തിനാം ധാതുമൂലം ഒന്നിയാവതു്. ൪൮

പിന്നെക്കർത്തികനാം ജീവൻ മുമ്മൂന്നിൽ വരമിങ്ങനെ
മുവൊൻപതിലപത്ത്യനാംശകജീവമുണ്ണമോക്കണം. ൪൯

ചരം ധാതു സ്ഥിരം മൂലമുഭയം ജീവനാമതു്
നടേ ചരാംശകം ധാതു മൂലം പിന്നെ സ്ഥിരാംശകം. ൫൦

ഉഭയാംശകമോ ജീവൻ ഞുമെറപ്പംശകമിങ്ങനെ
ഓജരാശ്യംശകം ധാതു മൂലജീവൻ ക്രമേണ ഹി. ൫൧

യുഗ്മരാശ്യംശകം ജീവമൂലധാതുക്രമം വരും
ചന്ദ്രാരമന്ദന്മാർ ധാതു മൂലം ശുക്രതമക്കറം. ൫൨

ജീവൻ ജീവബുധന്മാരുമൊട്ടുമൊഴിന്നമിങ്ങനെ
മനുഷ്യരാശിയിൽ ധാതു വരികിൽ കാളകിട്ടുമേ. ൫൩

മണിതാഴ്ത്തുങ്ങളുമാമെന്നു ചൊല്ലുന്നിതേ ബുധാഃ
ജലരാശികളിൽ ധാതു വരികിൽ പിന്നെയിങ്ങനെ. ൩൪

അരിവെക്കംപാത്രമാമെ കിണ്ടിയെന്നുള്ളതാകിലാം
ഇത്യാദികളെയോർത്താവു ചൊല്ലുവാൻ നിശ്ചയിച്ചിവ. ൩൫

നിത്യജാതകമോക്കുമ്പോൾ പ്രശ്നരാശി തുടങ്ങിയാൽ
ഗ്രഹങ്ങളെക്കൊണ്ടുനോക്കുമ്പോൾ ബലവും ബലഹീനവും. ൩൬

കല്പിച്ചുച്ചത്തിലും ക്ഷേത്രത്തിലുമൊപ്പു നടേയത്
മൂലത്രികോണത്തിലൊപ്പു ബന്ധുക്ഷേത്രത്തിലും തഥാ ൩൭

തത്കാലബന്ധുവിന്റേതുമൊക്കണം ഗ്രഹഗോചരം
ദ്രവ്യം കിട്ടേണമെന്നാകിലപ്പോഴുപചയങ്ങളിൽ. ൩൮

നില്പു പാപികളെന്നാവു കിട്ടും ദ്രവ്യം ന സംശയഃ
അതല്ലാതെതുള്ളു നില്പു അർത്ഥനാശമകപ്പെട്ടും. ൩൯

ശരീരനാശവും കോളേയെന്നു ചൊല്ലുന്നിതേ ബുധാഃ
ഇനി ഞായറവനിലയാൽ നിത്യജാതകമിങ്ങനെ. ൪൦

ഞായറവു നിലയിൽ ദ്രവ്യം ഗോചരസ്ഥർ വരുത്തുവർ
മേടത്തിലെമുതൽ ലഗ്നകോണത്തിലാദിത്യനാകിലോ. ൪൧

ധാതുദ്രവ്യങ്ങൾ കിട്ടേണമെന്നു ചൊല്ലുക നിശ്ചയം
രണ്ടാം ത്രികോണത്തിൽ നില്ക്കിൽ കിട്ടും നെല്ലെന്നു ചൊല്ലുക. ൪൨

മൂന്നാംത്രികോണത്തിൽനില്ക്കിൽ വരും മാംസാദ്യ നിശ്ചയം
അസ്പൃശ്യൻ ശനിയാൽ ദൃഷ്ടനെന്നാവൂ അന്നിരിപ്പത്. ൪൩

എങ്കിലോ ഞായററിൽ വന്ന ശനിയാദൃഷ്ടിയിങ്ങനെ
ശത്രുവായിട്ടിരിപ്പോർതാൻ ബന്ധുവായി വരും ദ്രവം. ൪൪

ദൃഷ്ടിചെയ്യുഗ്രഹത്തിന്റെ ധാതു മൂലങ്ങൾ ജീവനം
തിരിച്ചാദൃഷ്ടിയിൽ കിട്ടും ദ്രവ്യഭേദങ്ങൾ ചൊല്ലുക. ൪൫

അവനച്ചന്ദ്രനാൽ നോക്കപ്പെട്ടുകിൽ തിങ്കളാഴ്ചനാൾ
വരുമിഷ്ടജനം പിന്നെ മധുരദ്രവമാകിലും. ൪൬

ജലരാശിയിലാകുന്നു ചന്ദ്രനെങ്കിൽ ഘൃതം വരും
പ്രതികൂലമതായിട്ടു ദൃഷ്ടി ചന്ദ്രനകപ്പെടും. ൪൭

അശനത്തിന്നസൌഖ്യത്വം മാതുലക്ലേശമെപ്പെട്ടും
ജലദ്രവ്യവിനാശശ്ച ബന്ധു ശത്രുവതാകയും. ൯൮

ഇതു കാൎത്തികതൊട്ടാറിൽ നില്ക്കുമാഴ്ചയതെപ്പൊഴും
പിന്നെക്കാൎത്തികതൊട്ടാറിൽ ചൊവ്വാഴ്ചക്കിതിനേ ഫലം. ൯൯

തന്റെ ക്ഷേത്രത്തിൽ നില്ക്കുന്നോൻ ബന്ധുക്ഷേത്രത്തിൽ നിന്നവൻ
ഉച്ചത്തിൽനിന്നവൻ മൂലത്രികോണത്തിങ്കൽ നിന്നവൻ. ൱

ചൊവ്വാദൃഷ്ടിയെപ്പെട്ടാൽ യുദ്ധം ചൊവ്വാഴ്ചനാൾ ജയം
ധാതുദ്രവ്യങ്ങളും കിട്ടുമെന്നുചൊല്ലാം വിശേഷതഃ. ൱൧

പ്രതികൂലന്മാരായിട്ടു നോക്കും അപയശം വരും
യുദ്ധയാമത്തിലും യുദ്ധനവാംശത്തിങ്കൽ നില്ക്കിലും. ൱൨

നില്ക്കുന്നഗ്രഹമേതെന്നാലവന്റെയാഴ്ചനാളും പുനഃ
അതുഹേതുകമാം കലഹമുണ്ടാമെന്നു നിശ്ചയം. ൱൩

വാരാംശകത്തിലും ദിവാരാത്രിയാമത്തിലും തഥാ
ഗ്രഹം യാതൊന്നു നില്ക്കുന്നതവന്റെ ക്രൂരവാഴ്ചയിൽ. ൱൪

യാത്രാഘോഷം വരുന്നതും ബലവാനെങ്കിൽ നാളു
ബലഹീനനവൻതാനെന്നാലിരിക്കുന്നതാകിലോ. ൱൫

ദുഃഖമായിട്ടിരിപ്പതും യാത്രയെന്ന ധരിക്കണം
ബുധൻ ധാതുവിശേഷിട്ടു സൂൎയ്യനെ ദൃഷ്ടിവെയ്ക്കുകിൽ. ൱൬

പണമാഭരണം വസ്ത്രം കിട്ടുന്നു ബുധനാഴ്ചനാൾ
മൂലമായിട്ടു നോക്കുമ്പോളുമസുഖമൊന്നുമില്ല. ൱൭

ജലരാശിയിൽനിന്നിട്ടു നോക്കുന്നു ബുധനെങ്കിലോ
എണ്ണ കിട്ടേണമെന്നാവു ചൊല്ലുവാനില്ല നിശ്ചയം. ൱൮

ബുധൻ ജീവാംശമായിട്ടു സൂൎയ്യനെ ദൃഷ്ടിവെയ്ക്കുകിൽ
മക്കൾ വിളയാൻ വരുന്നതാണിപ്പോഴെന്നു ചൊല്ലുക. ൱൯

പിന്നെക്കാൎത്തികതൊട്ടാറിൽ വ്യാഴാഴ്ചയ്ക്കുവരും ഫലം
വ്യാഴം ജീവാംശമാമെപ്പോൾ ഇഷ്ടനാം ഗുരുവന്നു വരും. ൱൧൦

വ്യാഴം ധാത്വംശമാമെപ്പോൾ പണം രത്നങ്ങൾ പൊന്നുമാം
പിന്നെക്കാൎത്തികതൊട്ടാറിൽ വെള്ളിയാഴ്ചവരും ഫലം. ൱൧൧

ശുക്രൻ ധാത്വംശമായിട്ടു നോക്കു സൂൎയ്യനെയെങ്കിലോ
ചെമ്പുകിട്ടുന്നതെന്നാവൂ അംശനേ സൌഖ്യവും വദം. ൯൧

ഇടവക്കൂറിലും കോളേ തുലാക്കൂറിലുമാമിതു്
ശുക്രൻ മൂലാംശമായ്നോക്കിൽ കിഴങ്ങും ചോറു ശക്കര. ൯൨

വെള്ളിയാഴ്ചക്ക കിട്ടേണമെന്നു ചൊല്ലുന്നതേ ബുധാഃ
അംശ്ശുക്രൻ ജീവനായ് നോക്കു സ്ത്രീകരാതാൻ പട്ടുതാൻ
[വസ്ത്രം. ൯൩

ശനിയാഴ്ചയിലുണ്ടാവൂ ശനിനോക്കുന്നതാകിലോ
മകരക്കൂറുമാം പിന്നെക്കുംഭക്കൂറുമൊപ്പട്ടും. ൯൪

മീനക്കൂറും ധനുക്കൂറും വ്യാഴാഴ്ചയിവയായതു്
വ്യാഴത്തെക്കൊണ്ടു ചൊല്ലുമ്പോളറിയേണമിതിങ്ങനെ. ൯൫

ഇത്യാദി മറവുള്ളതിന്നമീവണ്ണം കണ്ടു ചൊല്ലുക
രോഹിണ്യൎക്കേ തു ചന്ദ്രേണ ദൃഷ്ടവ്യം ഹി ശുഭാശുഭം. ൯൬

ചന്ദ്രസ്യ ബലഹീനേ തു രോഹിണ്യൎക്കേ തു നാശവും
ഗ്രഹയോഗങ്ങളെല്ലാമേ മുമ്പിൽ ചൊല്ലിയവണ്ണമേ. ൯൭

ലക്ഷണങ്ങളെ നോക്കിക്കണ്ടാവൂ തേ ചൊല്ലുവാനിതു്
നിത്യജാതകമീവണ്ണമറിയേണ്ടു ന സംശയഃ. ൯൮

രഹസ്യമെന്നറിഞ്ഞിട്ടു കാട്ടു ഗ്രന്ഥകൎത്തൃത്രയം
ധൂമാദികൾക്കമീവണ്ണം ഫലം ദോഷമതായതു്. ൧൦൦

ധൂമാദിപഞ്ചദോഷങ്ങൾ വരുത്തുന്നതുമിങ്ങനെ
നടേ സൂൎയ്യസ്ഫുടംവെച്ചു കൂട്ടു രാശിയിൽ നാലതിൽ. ൧൦൧

പിന്നത്തീയതിയിൽ കൂട്ടു പതിമ്മൂന്നതു ധൂമമാം
അതു പന്ത്രണ്ടു രാശീങ്കൽ കളവൂ ശേഷമുള്ളതു്. ൧൦൨

വ്യതിപാതമതാകുന്ന ദോഷമെന്നറിയേണമേ
ആറുരാശിയതിൽ കൂട്ടുന്നതുതാൻ പരിവേഷമാം. ൧൦൩

രാശി പന്ത്രണ്ടിൽ കളഞ്ഞാലതുമിന്ദ്രധനുസ്സതാം
പതിനേഴതിലും കൂട്ടു തീയതിൽ കേതുവാമതും. ൧൦൪

ഇങ്ങനെ പഞ്ചദോഷങ്ങൾ ധൂമാദികൾ വരുന്നതു്
കേതുവിൽ രാശിയൊന്നിട്ടാലൎക്കസ്ഫുടമതായ്വരും. ൧൦൫

വ്യത്ക്രമേണ വരുത്തീടാമെന്നിതുള്ള പറഞ്ഞിതും
കേതുധൂമങ്ങളുദയം ചെയ്കിൽ പനിവരും ദ്രുതം. ൧൦൬

മേഷേ വ്യതീപാതമാകിൽ കടിയും പുലി നിശ്ചയം
ചിങ്ങത്തിലുദയം ചെയ്കിൽ പുലി കൊല്ലാനകപ്പെടും. ൧൦൭

വൃശ്ചികത്തിലുദിക്കുമ്പോൾ കടിക്കും പാമ്പു നിശ്ചയം
മീനേ കർക്കടകേ വാപി ദ്രുതം ജലഭയം ഉണ്ടാം. ൧൦൮

മററുള്ളവററിലുദയം വ്യതീപാതമതാകിലോ
ആമയവ്യാധിയുണ്ടാമെന്നറിഞ്ഞാലുമിതിങ്ങിനെ. ൧൦൯

ഷഷ്ഠാഷ്ടമേ വ്യതീപാതേ ഭയം സർവ്വജനൈരപി
അർക്കനോടു വ്യതീപാതം കൂടുകിൽ പിതൃനാശമേ. ൧൧൦

നോവുണ്ടാകുമെന്നു നിരൂപിച്ചിട്ടു ചൊല്ലുക
ചന്ദ്രനോടു വ്യതീപാതം കൂട്ടു മാതൃവിനാശമാം. ൧൧൧

പുലയുണ്ടാകിലും കോളുമെന്നു ചൊല്ലുന്നതേ ബുധാഃ
കുജനോടു വ്യതീപാതം കൂടുകിൽ ഭ്രാതൃനാശമാം. ൧൧൨

യുദ്ധേ മരണവും ചൊല്ലാം മാതുലനെങ്കിൽ ചൊല്ലുക
ബുധനോടതു കൂടുമ്പോൾ നിധനം മാതുലന്നതു്. ൧൧൩

കണ്ടമുണ്ടാകിലും കോളെന്നു ചൊല്ലുക നിശ്ചയം
വ്യാഴത്തോടു വ്യതീപാതം കൂടുകിൽ പുത്രനാശവും. ൧൧൪

ചെകിട്ടിൽ ശൂലവും ചൊല്ലാമിതിനില്ലൊരു സംശയം
കളത്രമരണം ചൊല്ലാം ശുക്രനോടതു കൂടുകിൽ. ൧൧൫

നയനേ രോഗവും ചൊല്ലാമില്ല സംശയമേതുമേ
ശനിയോടതു കൂടുമ്പോൾ പ്രേഷ്യസ്യ മരണം വദേൽ. ൧൧൬ *

ചണ്ഡാലനാശവും ചൊല്ലാം വാതരോഗമതാകിലാം
രാഹുനോടതു കൂടുമ്പോൾ വിഷംകൊണ്ടു മൃതി വരും. ൧൧൭

ഇനിയിന്ദ്രധനുസ്സാവു ഉദിപ്പാനെങ്കിലിങ്ങിനെ
കിണററിൽ വീഴുമെന്നൊന്നു പിന്നെയഗ്നിഭയം വരും. ൧൧൮

മേടത്തിലുദയം ചെയ്കിൽ പിന്നെയിന്ദ്രധനുസ്സതാൻ
ഭൃത്യമരണവും പിന്നെ കൂപേ പതനവും ദ്രുതം. ൧൧൯

* ‘കൂട്ടുകിൽ ജനനീമൃതി’ എന്നു പാഠാന്തരം.

ധൂമാദിപഞ്ചകംകൊണ്ടുമിങ്ങനെ ചൊൽക ലക്ഷണം
ധൂമാദികൾക്കു വെവ്വേറെ ഫലമുണ്ടന്യശാഖകളിൽ. ൧൨൦

ഇതിലിത്ര പറഞ്ഞൊള്ളൂ ശേഷമാകിൽ ചോദ്യത്തെ ചൊല്ലുക
പഞ്ചാമതിങ്കലീവണ്ണം നിത്യജാതകമാദിയിൽ. ൧൨൧

ധൂമാദിപഞ്ചദോഷങ്ങളെളൊടുക്കത്തു പറഞ്ഞത്. ൧൨൨

ഇതി പ്രശ്നസാരേ പതിനേഴാമദ്ധ്യായഃ
സമാപ്തം.

അദ്ധ്യായം ൧൮.

ദിവസപ്രശ്നമാകുന്ന നിത്യവൃത്താന്തലക്ഷണം
ചൊല്ലുന്നേനതു കണ്ടിട്ടും പ്രശ്നംവെച്ചും പറഞ്ഞിടാം. ൧

നടേ മേടം ചതുഷ്പാത്ത് ചതുഷ്പാത്തിടവം പുനഃ
പിന്നെച്ചിങ്ങം ചതുഷ്പാത്തെന്നിങ്ങനെയറിവൂ നടേ. ൨

മിഥുനം കന്നിയും [illegible] തുലാവും [illegible]
ഉചിതാത്തെന്ന ധരിച്ചാലും നരരാശ്യന്യേ [illegible]. ൩

പിന്നെക്കർക്കടകം കന്നി വൃശ്ചികം മകരം [illegible]
മീനമെന്നിവ ചൊല്ലുന്നു ജലരാശികളെന്നിഹ. ൪

സ്ഥലരാശികൾ മറ്റുള്ളതെന്നു ചൊല്ലുന്നതേ [illegible]
മകരം മാത്രം പാതി ചതുഷ്പാത്തെന്നു ചൊല്ലിനാർ. ൫

ധനുവിൽ പിന്നു കതിര പാതി നാല്ക്കാലിപോലെയും
പൃഷ്ഠോദയംകൊണ്ടും സ്ഥിരോഭയചരത്തിനാൽ. ൬

ജലസ്ഥലാദിയംകൊണ്ടും [illegible] ചൊല്ലുക
ഫലാഫലങ്ങളെപ്പോഴും ഗ്രഹത്തിൻബലമൊത്തുടൻ. ൭

„സ്വപദിവസസമഹോരാമാസഖൈഃ കാലവീര്യം
ശരബുദ്ധ്യുചസാദ്ധ്യാ വൃദ്ധിതോ വീര്യവന്തഃ.''

ഒരുവനവിടെവന്നുനിന്നു കണ്ടാൽ നടേതാ-
നറിക നിലമതൊത്തിട്ടേതവന്നിന്നുരാശി
അതു പുനരറിവാനായപ്പുമേ മന്ദനാകിൽ
പുനരവനൊട്ടു ചോദിക്കണമീവണ്ണമപ്പോൾ. ൮

കഴിഞ്ഞമാസവാരെ നാളുകളെന്നും വൈകിയെന്നിട
മാത്യാപത്തു കഴിഞ്ഞു നാലംപെന്നു ചൊല്ലുക ലക്ഷണം. ൯

മൂന്നാമേടത്തുനില്ക്കുന്ന പാപിയെന്നാകിലട്ടിനേ
ഉപവാസവുമുണ്ടായിയെന്നു ചൊല്ലുകസംശയം. ൧൦

നിന്നരാശിയുടെ ചെട്ടാംരാശിയിൽ ശനിയാകിലും
മൂന്നാംരാശിയിലെന്നാവു പാപിയെന്നാകിലുമിങ്ങനെ. ൧൧

ആദിത്യനഷ്ടമത്തിങ്കൽ നിന്നതെങ്കിൽ ഫലം പുനഃ
പടതാൻ പലർകൂട്ടിട്ടുന്നതിന്നാക വന്നതു്. ൧൨

ആദിത്യസ്ഫുടമപ്പോഴത്തെ തിന്നാംശകമെന്നതാൻ
അറിഞ്ഞു കഥനം ചെയ്വൂ ധാതുംശേ ദ്രവ്യനാശനം. ൧൩

മൂലാംശേ പ്രീതിനാശഃ സ്യാൽ ജീവാംശേ രാജദോഷവും[1]
ചതുഷ്പാത്തംശമാം ചേൽ പാപ്പോ ചതുഷ്പാത്താൽ വിനാശവും. ൧൪

കഴിഞ്ഞതൊന്നാറാദ്യുക്ക ചൊല്ലുമിപ്പ്ഫലങ്ങളുമാ
അഷ്ടമേ ചന്ദ്രനാണെന്നാകിലുപവാസമസംശയം. ൧൫

യവാഗ്രപാനമെന്നുള്ള മുൻകഥ ചൊല്ലുന്ന നിശ്ചയം
ധാതുമൂലാദിയതിനാം യോജിച്ചിട്ടാക ചൊല്ലുവാൻ. ൧൬

കഴിഞ്ഞതിങ്കളാദ്യുക്ക ലക്ഷണം ചൊല്ലുയിങ്ങനെ
അഷ്ടമത്തിങ്കലാരൻതാൻ നിന്നതെങ്കിൽ ഫലം പുനഃ. ൧൭

കഴിഞ്ഞചൊവ്വയാദ്യുക്ക പാപാംശമകപ്പെട്ടും
ഗുളികൻകൂടിയുണ്ടെങ്കിൽ കുറിയും ദ്രവ്യമന്നവൻ. ൧൮

അവൻ ധാതുംശമാംചേൽ പാപ്പോ വാളുംകൊണ്ടു മുറിയുന്നതും
മൂലാംശമാകിൽ മുറിയും മുള്ളുകൊണ്ടെന്നു നിശ്ചയം. ൧൯

നഖംകൊണ്ടുള്ള ജീവാംശേ നപ്പുംശം സരീസൃപേ
മുറിവു കൊമ്പുകൊണ്ടെന്നു ചതുഷ്പാത്തംശമാകിലോ. ൨൦

ദ്വിപാദത്തെങ്കിൽ നഖംകൊണ്ടു മുറിവെന്നറിയേണമേ
അംശകംകൊണ്ടു ഭേദങ്ങളറിയേണമസംശയം[2]. ൨൧

1 'രാജകോപവും' എന്നും, 2 'അറിയേണം [illegible]' എന്നും പാഠഭേദം.

അഷ്ടമത്തിൽ ബുധൻ നില്ക്കിലിവ്വകാൎയ്യവിനാശനം
താംബൂലനാശവും കൊള്ളേയില്ല താംബൂലമെന്നുമാം ൨൨.

വാക്പാരുഷ്യം വരികിലാം ദേഹപീഡയുമാം പുനഃ
തുള്ളച്ചു ധാത്വംശമാകിൽ മൂലേ ക്രമുകനാശനം. ൨൩.

താംബൂലനാശം ജീവാംശേ ത്തുറില്ലെന്നിവുമാം പുനഃ
വാക്പാരുഷ്യമതും ചൊല്ലാം ലക്ഷണംകണ്ടു ചൊല്ലുക. ൨൪

ബുധസ്യ കലഹേ രംഗത്തുണ്ടാകാറാകയും വരും
കഴിഞ്ഞബുധനാഴ്ചകൾ കഴിക്കേണ്ടതിന്നുഫലമിങ്ങനെ. ൨൫

അഷ്ടമത്തിലകപ്പെട്ടിതന്നു വ്യാഴമന്നതങ്കിലോ
ദ്രവ്യനാശം നടേ ചൊല്ലൂയുപ്പാൻ വൈകം ദ്വിജന്മനാം. ൨൬

ധാതുമൂലങ്ങളെന്നിട്ടു വിശേഷത്തെക്കഥിപ്പിത്
കാലഹോരയുമോൎക്കേണം വ്യാഴത്തിന്നു വിശേഷതഃ. ൨൭

വ്യാഴാഴ്ചകളിലുയോജിച്ചു കഴിഞ്ഞതിന്നു ചൊല്ലുക
അഷ്ടമത്തിൽ സിതൻനിൽക്കിലിവ്വസ്ത്രവിരോധം വരും. ൨൮

ഉടുത്തവസ്ത്രം ചോരുണ്ടാം വസ്ത്രനാശമകപ്പെട്ടും
ശുക്രൻ ധാത്വംശമാംപൊഴോ പിരട്ടം ചോരസംശയം. ൨൯

മൂലാംശമാകിൽ കൊൽകൊണ്ടു പൊട്ടിയും വസ്ത്രമറ്റിനേ
ജീവാംശമാകിലാകാറാം കൊടുത്തുംപോം ന സംശയഃ. ൩൦

ദ്വിപാദാംശമതാംപോഴോ നാംകൊണ്ടു ചെളിഞ്ഞുപോം
സരീസൃപാംശമാംപോഴോ മൂഷികന്താരുവൃതാൻ. ൩൧

വെട്ടിത്തുളച്ചുകളവർ വസ്ത്രമന്നു ന സംശയഃ
കഴിഞ്ഞവെള്ളിയാഴ്ചകൾ ചോദ്യമിപ്പിഫലമാക്കവേ. ൩൨

അഷ്ടമത്തിങ്കൽ നിൽക്കുന്നതന്നു രാഹുവതെങ്കിലോ
മുള്ളുകൊള്ളും വഴിയിൽ നിന്നിടവും പാദവും പൊഠി. ൩൩

ധാത്വംശമാകിൽ കൽതട്ടി മൂലാംശേ മുള്ളുകൊൾവതു
ജീവാംശേ സൎപ്പഭയമാം രാഹുവിന്നിങ്ങനെ ഫലം. ൩൪

കഴിഞ്ഞശനിയാഴ്ചകൾ രാഹുവിന്നു ഫലം വദേൽ
അഷ്ടമേ കേതുനിൽക്കുമ്പോൾ പാദതട്ടം പദങ്ങളിൽ. ൩൫

ഗുളികൻകൂടിയുണ്ടെങ്കിൽ പൊളിയും കാൽ ന സംശയഃ
അംശമേതും ധരിച്ചിട്ടു കുജവാരം കഴിഞ്ഞതിൽ. ൫൬

യോജിക്കമാറു ചൊല്ലേണം ശാസ്ത്രംകണ്ടു ന സംശയഃ
ഈവണ്ണം കണ്ടുകൊള്ളുമ്പോൾ ഭാവം പന്ത്രണ്ടിനും ക്രമാൽ. ൫൭

എട്ടാംഭാവമതും പന്ത്രണ്ടാറാകുംഭാവവും തഥാ
മൂന്നാംഭാവവുമാകായെന്നറിയേണം ന സംശയഃ. ൫൮

സംഹാരനക്ഷത്രത്തേലും സംഹാരാംശകമാകിലും
പാപികൂട്ടുകിലും നോക്കമാകിലും നല്ലതല്ലതു. ൫൯

പ്രശ്നനേരമതാംപോഴും കാണാന്നേരമതാകിലും
ഉദയാരൂഢങ്ങളറിഞ്ഞാവൂതേ ഫലസൂചനം. ൬൦

ഉദയംകൊണ്ടു ചൊല്ലേണം *വരുന്നോരു ഫലങ്ങളെ
പ്രധാനമാരൂഢമല്ലെയെന്നു ചൊല്ലുന്നതേ ബുധാഃ. ൬൧

പാപികൾക്കു ഫലം ക്രൂരം ശുഭന്മാർക്കു വരുന്നതു
പാപാ ഭൂമിഗ്രഹാശ്ചന്ദ്രബുധൗ മദ്ധ്യഗ്രഹാവുഭൗ. ൬൨

ഗുരുശുക്രൗ തഥാകാശഗ്രഹാവപി വിനിശ്ചിതൗ
തലനാളെയാഴ്ചയുടെ ഗ്രഹസ്ഥിതി പിഴക്കിലോ. ൬൩

ആരൂഢത്തിന്നതോക്കുമ്പോളാകാതാൻ തഥനാളം ദൃഢം
കീഴ്കഴിഞ്ഞവയാരൂഢംകൊണ്ടു സൂക്ഷിച്ചു ചൊല്ലുക. ൬൪

പിറേറന്നാളെത്താഴ്ചയുടെ ഗ്രഹസ്ഥിതി പിഴക്കിലോ
ഉദിച്ചുരാശിയൊക്കുമ്പോൾ പിറേറന്നാൾ പിഴ ചൊല്ലുക. ൬൫

കീഴ്പ്പോട്ടുകളുമാരൂഢാൽ മേലെഴുന്നുദയാൽ ഫലം
ഈവണ്ണമുദയാരൂഢമറിഞ്ഞിട്ടാക ചൊൽവതു. ൬൬

ഗ്രഹസ്ഥിതി നടേ കണ്ടാപിന്നെ ദ്രേക്കാണമെന്നതു
തിരിച്ചതിലുമപ്പോഴേയംശകത്തെത്തിരിച്ചഥ. ൬൭

ഫലം യോജിപ്പിക്ക നടേയീവണ്ണം യോജനക്രമം
ദ്രേക്കാണക്രമമീവണ്ണം കർമ്മരോഗവിനാശമാം. ൬൮

അവ മൂന്നിലുമുണ്ടാമേ മുമ്മൂന്നംശകവും ക്രമാൽ
കർമ്മധാതു നടേത്തേതു കർമ്മമൂലമനന്തരം. ൬൯

* 'കഴിഞ്ഞോരു ഫലങ്ങളെ' പാഠാന്തരം.

കൎമ്മജീവൻ പുനരിവ ക്രമത്താലെ ധരിച്ചഥ
രോഗധാതു നടേ പിന്നെ രോഗമൂലമനന്തരം. ൧൦

രോഗജീവനശീവണ്ണം ക്രമത്താലെ ധരിച്ചിതു്
വിനാശധാതു പ്രഥമം വിനാശമൂലമാം പുനഃ. ൧൧

വിനാശജീവൻ പിന്നെത്തു ധരിച്ചാൽ പ്രശ്നമങ്ങനെ
ചൊല്ലുകോൎത്തിട്ടു യോജിച്ചു പിഴവാരാതവണ്ണമേ. ൧൨

ഉപദേശമിതത്രെ ഇന്നറിഞ്ഞീടേണമാദരാൽ
ഊണെവ്വണ്ണമെനിക്കെന്നു ചോദിച്ചാൽ ചൊല്ലുമാറിതു്. ൧൩

ലഗ്നാംശങ്ങളിലോക്കണം രണ്ടാമേടമിലുണ്ണണം
മൂന്നാമേടംകൊണ്ടു ചൊല്ലു ഭക്ഷണങ്ങളുടെ ഗുണം. ൧൪

നാലാമേടംകൊണ്ടു ചൊല്ലൂ, വയ്ക്കുന്നവർ ഗുണങ്ങളും
അഞ്ചാമേടംകൊണ്ടു ചൊല്ലൂട്ടുന്നവരുടെ ഗുണം. ൧൫

ആറാമേടംകൊണ്ടു ചൊല്ലൂ, കറികളുള്ള ഗുണങ്ങളെ
ഏഴാമേടംകൊണ്ടു ചൊല്ലൂ ഭോജനാദ്യ ഗുണം പുനഃ. ൧൬

എട്ടാമേടംകൊണ്ടു ചൊല്ലൂ, ചോറിനുള്ള ഗുണങ്ങളെ
ഒൻപതാമേടമോൎത്തിട്ടു കൂടിയുണ്ണവരിങ്ങനെ. ൧൭

പൂൎത്തി പത്താമേടംകൊണ്ടു ചൊല്ലൂ, വേണമിതിങ്ങിനെ
പതിനൊന്നാമേടംകൊണ്ടു പറഞ്ഞാകഥ ചൊല്ലുക. ൧൮

കിടക്കച്ചൊല്ലു പന്ത്രണ്ടാമിടമോൎത്തിവയിങ്ങനെ
ഗുരുൻ രണ്ടാമടത്താകിലില നന്നെന്നു ചൊല്ലുക. ൧൯

ആരനാദിത്യനാമപ്പോഴില വരണ്ടൊന്നിലയെന്നതു്
പലവും കൂട്ടിവെക്കുന്നു ബുധനാകിൽ ന സംശയഃ. ൨൦

കൂത്തിപ്പലവു കൂട്ടീട്ടു ചന്ദ്രനാകിൽ ജലൈൎയ്യുതം
ശനിയാകിൽ പിളൎന്നൊന്നു വട്ടമാദിത്യനാകിലോ. ൨൧

തളികാം വട്ടിലും കോളെയില താമരയാകിലും
സൂൎയ്യൻ മൂന്നാമിടത്താകിൽ മുളകാൽ മിശ്രിതം കറി. ൨൨

പയറാകിലുമാം പിന്നെ മുതിരാംകൊണ്ടുമാമതു്
ചന്ദ്രൻ നിൽക്കുന്നതൊന്നാകിലിവ രണ്ടുമിതിങ്ങിനെ. ൨൩

ചൊവ്വ നില്ക്കിൽ കിഴങ്ങുപ്പുപുളിച്ചുവെന്നു ചൊല്ലുക
ചവർത്തുള്ളതാവൊന്നു പലവുംകൂട്ടിവച്ചതു്. ൫൩

ബുധനെങ്കിലതീവണ്ണം ചൊല്ലുമാറു ന സംശയഃ
നന്നാമിളങ്ങൊന്നു ഭക്ഷ്യമെന്നും ചൊല്ലേണമേ ദൃഢം. ൫൪

വ്യാഴംനില്ക്കുന്നതെന്നാവു മധുരിച്ചോരുവസ്തുവാം
ശുക്രനാകിൽ പുളിച്ചൊന്നു കച്ചൊന്നു ശനിയാകിലോ. ൫൫

ആറാമേടത്തുനില്ക്കുന്നതാദിത്യൻതാനതെങ്കിലോ
എരിച്ചുകറികൂട്ടീതോയെന്നു ചോദിക്കസംശയം. ൫൬

പലവുംകൂട്ടിവച്ചൊന്നു ബുധനാകിലെരിച്ചതു്
മധുരക്കറിയെന്നാവു വ്യാഴമാകിൽ ന സംശയഃ. ൫൭

കച്ചോരെരിച്ചകറിയെന്നാവൂതേ ശനിയാകിലോ
ശുഭന്മാർ നിന്നഭാവങ്ങൾകൊണ്ടു ശോഭനമൊക്കവേ. ൫൮

പാപന്മാർ നിന്നതിന്നെല്ലാം ചിതമല്ലെന്നു ചൊല്ലുക
ഇങ്ങനെ ചൊല്ലു ചോദിച്ചാലശനപ്രശ്നമിങ്ങനെ. ൫൯

പോയവൻ വരവാൻ ചോദിക്കുമ്പോൾ ചൊല്ലേണമിങ്ങനെ
ശുഭഗ്രഹമുദിച്ചിട്ടും ചന്ദ്രന്റെയഷ്ടമത്തിലും. ൬൦

പാപി നില്ക്കണമേ മുൻപിൽ ചരരാശിയതാകണം
വരും വിരവിനെയെന്നപ്പോൾ ചൊല്ലുമാറതു നിശ്ചയം. ൬൧

പാപോദയവുമുണ്ടായി ചന്ദ്രന്റെയഷ്ടമത്തിലും
നാലാമെടത്തുമുണ്ടാവു ശുഭഗ്രഹവുമെങ്കിലോ. ൬൨

വരവില്ലെന്നു ചൊല്ലേണം പിന്നെ മിശ്രമതാകിലോ
നാലുനാൾ കഴിയുംപോഴേ വരുമെന്നതു ചൊല്ലുക. ൬൩

പ്രശ്നരാശിയുടെ രണ്ടാംരാശിയിൽ ചന്ദ്രനാകിലും
പന്ത്രണ്ടാമേടത്തുമാകിൽ വരവില്ലെന്നു ചൊല്ലുക. ൬൪

വ്യാഴം മൂന്നാമെടത്താവു രണ്ടാമേടത്തു ശുക്രനും
നില്ക്കുന്നതാകിൽ വരുവോർ പടക്കം ചൊല്ലുയിങ്ങനെ ൬൫

അർത്ഥസിദ്ധിക്കു ചോദിച്ചാൽ ധനലാഭോദയങ്ങളാൽ
അവററിന്നധിപന്മാരാൽ കർമ്മഭാഗ്യങ്ങളങ്ങളാൽ. ൬൬

ബന്ധാനിർബ്ബന്ധവും തമ്മിൽ സാദ്ധ്യാസാദ്ധ്യവുമൊത്തുടൻ
ഔചിത്യകവശാൽ ചൊല്ലുകെപ്പേരും ദിവസങ്ങളിൽ. ൧൮

പതിനൊന്നാമതീവണ്ണം നിത്യവൃത്താന്തലക്ഷണം
സ്വസ്ഥമായിട്ടിരിക്കുമ്പോൾ ചിച്ഛയാസ്സരയേണമേ. ൧൯

അല്പാശ്ശിൽ ബഹുമാനിക്കയില്ലെന്നറികൊത്തതും
എന്നാലിതും ഫലംചെയ്യും ഗോപ്യമെന്നറിയേണമേ. ൨൦

ഇതി പ്രശ്നസാരേ പതിനൊന്നാമദ്ധ്യായം
സമാപ്തം.

അദ്ധ്യായം ൧൨.

ആയുർന്നിരൂപണം മുമ്പിൽ ഭാര്യാപുത്രാദിചിന്തനം
ഇഷ്ടാനിഷ്ടമതെല്ലാമേ ജാതകംകൂടെയോർക്കണം. ൧

അതോ ജാതകമില്ലെങ്കിൽ വെക്കേണം നഷ്ടജാതകം
അവൻെറ ദേഹവും സ്തോഭം സ്വഭാവമനുവൃത്തിയും. ൨

കണ്ടിട്ടറികിലും കൊള്ളു ലക്ഷണം സ്പഷ്ടമെങ്കിലോ
ഹോരാദിനായനം മാസം നാളുരാശി വരുത്തുവാൻ. ൩

ഹോരാദ്രേക്കാണാദികൊണ്ടും ചോദ്യംകൊണ്ടും വരുത്തുവാൻ
സ്പഷ്ടമായുണ്ടു ചൊല്ലീട്ടതുമോർക്കണമൊക്കവേ. ൪

ഞാനതിന്നുപദേശത്തെ സമ്പ്രദായത്തെ ചൊന്നതു്
ചൊല്ലുന്നേനതിൽ മറ്റേതു കൂടെ യോജിച്ചു ചൊല്ലുക. ൫

ദൂതചേഷ്ടകൾ കണ്ടിട്ടു നാളൂഹിപ്പൂ നടേയതു്
തലതൊട്ടിട്ടു ചോദിക്കിൽ നാൾ കാർത്തികപുറന്നതു്. ൬

നെററിതൊട്ടിട്ടു ചോദിക്കിൽ പുറന്നാളതു രോഹിണി
പുരികങ്ങൾ തൊടുമ്പോഴോ ചൊല്ലാം മകയിരം ദൃഢം. ൭

കാതുരണ്ടും തൊട്ടുനിന്നു ചോദിക്കിൽ തിരുവാതിര
ഗണ്ഡങ്ങൾ തൊട്ടുകിൽ ചൊല്ലൂ പുണർതംനാൾപുറന്നതു്. ൮

ഹനുക്കൾ തൊടുകിൽ പൂയംനാൾപുറന്നതു നിശ്ചയം
ചുണ്ടു തൊട്ടിട്ടു കാണാകിലവനായില്യം ദൃഢം. ൯

കഴുത്തു തൊടുവോനെങ്കിൽ പുനർതു മകമെന്നുക
പൂരം വലത്തുതോൾതൊട്ടാലിടത്തേതാകിലുത്രം. ൧൦

അത്തം കൈകൾ തൊടുമ്പോഴോ ചിത്രതാൻ വിരലെങ്കിലോ
നഖംതൊടുകിലോ ചോതി വിശാഖം മാറു തൊട്ടിടിൽ. ൧൧

ഹൃദയംതൊടുകിൽ ചൊല്ലാമനിഴംനാൾ പുറന്നതു്
കുചങ്ങൾതൊടുകിൽ ചൊല്ലാം നാളു തൃക്കേട്ടയെന്നതു്. ൧൨

മൂലം വയറുതൊട്ടാകിൽ പൂരാടം ദക്ഷപാർശ്വമാം
ഇടത്തെപാർശ്വമുത്രാടം നാഭിക്കു തിരുവോണമാം. ൧൩

കടിപാർശ്വങ്ങളാം തൊടുകിലവിട്ടംനാൾ പുറന്നതു്
മേഢ്രംതൊടുകിലോ ചൊല്ലാം ചതയംനാൾ പുറന്നതു്. ൧൪

വലത്തെത്തുടയാംപോഴോ പൂരുരുട്ടാതിനാളതു്
ഇടത്തെത്തുടതൊട്ടാലോ ഉത്രിട്ടാതി പുറന്നതു്. ൧൫

മുട്ടരണ്ടും തൊടുമ്പോഴോ രേവതിനാൾ പുറന്നതു്
ജംഘ തൊട്ടിട്ടു പാദികളിൽ പുറപ്പെടാതിനാൾ ധ്രുവം. ൧൬

പാദമൂലം തൊടുമ്പോഴോ ധ്രുവം ഭരണിനാളതു്
ഇങ്ങനെ തൊട്ടുകാണുമ്പോൾ ചൊല്ലാം നാളു പുറന്നതു്. ൧൭

ഇതിന്റെയെട്ടുപത്താറാംനാളിലും സംശയിക്കണം
ഒക്കെന്നതെല്ലാ സക്ഷ്യത്തിലല്ല ലക്ഷണമാകുക. ൧൮

വച്ചിട്ടുദയലഗ്നത്തെക്കഴിച്ചുള്ള നവാംശവും
രാശിയിൽ ക്രട്ടിയാൽ പിന്നെ ശേഷിച്ചിട്ടുകിടന്നതു്. ൧൯

കൂട്ടിത്തീയതിയിൽ ശേഷിച്ചിനിൽ കൂട്ടിയാൽ പുനഃ
വിധിമമുതൽനിന്നെണ്ണു ചന്ദ്രത്തൊളമനന്തരം. ൨൦

അസ്സംഖ്യക്കൂട്ടാമുദയലഗ്നംവച്ചുള്ള രാശിയിൽ
പോരതിന്നു ധരിക്കേണം ഉണർസ്ഫുടമതെന്നതു്. ൨൧

ഉണർസ്ഫുടംവരുത്തീട്ടു വന്നനിന്ന നവാംശവും
വരുത്തിവന്നലഗ്നത്തിൽ തൃകോണംകണ്ടതും പുനഃ. ൨൨

ഒന്നെന്നയാകിലതെന്നല്ലോ നിർണ്ണയിക്കുന്ന ലഗ്നവും
ഉണർസ്ഫുടത്തെ വച്ചിട്ടു ഉണിച്ചിട്ടൊമ്പതിൽ പുനഃ. ൨൩

കരേറവുമാറവുപതിൽ പിന്നെ മുപ്പതിലും പുനഃ
ജന്മസൂൎയ്യനതെന്നപ്പോളറിഞ്ഞാലും ന സംശയഃ. ൨൪

ഇങ്ങനസ്ഫുടത്തെ വച്ചിട്ടു പതിനെട്ടിൽ പെരുക്കിയാൽ
കരേറവുമാറവുപതിൽ പിന്നെ മുപ്പതിലും തഥാ. ൨൫

അത്രികോണേ വരും ലഗ്നം തന്നവാംശത്രികോണിലും
സൂക്ഷിച്ചറിഞ്ഞുകൊള്ളേണമെന്നത്രെ വിചക്ഷണാഃ. ൨൬

നാലംചൊല്ലാതെ നടേ വച്ചാലറിയന്നമതിങ്ങനെ
വ്യാഴവും തിങ്ങളും നാളുമഷ്ടരാശി വയസ്സിനം. ൨൭

വഴിയുണ്ടറിവാൻ നഷ്ടജാതകംവച്ചുകൊണ്ടതു്
അതിന്നുദയലഗ്നത്തെസ് സൂക്ഷിച്ചിട്ടു വരുത്തിയാൽ. ൨൮

ധരിച്ചിട്ടതിനെക്കൊണ്ടു ചൊല്ലാമിപ്പോന്നതൊക്കവേ
വച്ചിട്ടുദയലഗ്നത്തെക്കഴിച്ചിട്ടു നവാംശകം. ൨൯

ശേഷിച്ചതിലിയാക്കിട്ടു പിന്നെയെട്ടിൽ പെരുക്കിയാൽ
ഇരുപത്തേഴുകൊണ്ടാവൂ ഹരിപ്പാനതിന്നപ്പുനഃ. ൩൦

വേറെ വച്ചിട്ടപ്ഫലത്തെ കൂട്ടു ശേഷം കിടന്നതിൽ
അപ്പോഴുണ്ടായതെന്നെണ്ണമശ്വിന്യാദിവരുന്നതു്. ൩൧

ജന്മനക്ഷത്രമാകുന്നതെന്നു ചൊല്ലുന്നിതു ചിലർ
ഏതുവട്ടം നടേവാങ്ങി നവാംശകമറിഞ്ഞതു്. ൩൨

എട്ടിൽ പെരുക്കീട്ടിരുപത്തേഴിലാവൂ ഹരിപ്പതു്
അപ്ഫലത്തെക്കൂട്ടവേണം ശേഷിച്ചിട്ടു കിടന്നതിൽ. ൩൩

അതു ജന്മർക്ഷമാകുന്നതെന്നു ചൊല്ലുന്നതേ ബുധാഃ
നവാംശശേഷമൊന്നാകിൽ വന്നനാളും കഴിഞ്ഞുപോം. ൩൪

വന്നതശ്വതിയാമപ്പോഴോ മകമാം മൂലമാകിലാം
ഉദയാരൂഢങ്ങളുടെയിടയെണ്ണിദ്ധരിച്ചവ. ൩൫

ഏതു രാശിയുദിച്ചിട്ടു ചന്ദ്രൻനിന്നോളമുള്ളതു്
രണ്ടു സംഖ്യകളും തമ്മിൽ കൂട്ടിയെട്ടിൽ പെരുക്കിയാൽ. ൩൬

ഹരിച്ചതിരുപത്തേഴിൽ ശേഷം ജന്മർക്ഷമായതു്
ആദിയശ്വതിയായെണ്ണാമാദിയായവിട്ടവും. ൩൭

എതൊപ്പതെന്നാലതിനെയാദിയായെണ്ണമാറതു്
ഗുണസ്ഫുടത്തെ വച്ചിട്ടു തിയതീമിലിയാക്കിയാൽ ൩൮

ഒറ്റയിൽ പെരുക്കീട്ടിരുപത്തേഴുകൊണ്ടു ഹരിച്ചതു്
വേറെവച്ചിട്ടപ്ഫലത്തെഗ്ഗുണിഷ്ടംകൊണ്ടും ഹരിക്കണം. ൩൯

വേറെവച്ചിട്ടിരിക്കുന്ന ഫലത്തെയുമരിക്കണം
ഇരുപത്തേഴുകൊണ്ടാവു ശിഷ്ടം ജന്മർക്ഷമാമതും. ൪൦

അവിട്ടമാദിയായിട്ടാക്കെണ്ണുക ശതതിയാദിയും
അത്രികോണത്തിലും സൂക്ഷിച്ചറിയേണം വിശുദ്ധധീഃ. ൪൧

പലവുംകൂടിയൊന്നായി വരുന്നതു ധരിക്കണം
ഗുണസ്ഫുടത്തെവച്ചിട്ടു മൂന്നു രാശികളും കൂട്ടിയാൽ. ൪൨

അതു പന്ത്രണ്ടിൽ കഴിച്ചു ശിഷ്ടം നിന്നതു വ്യാഴമാം
അത്രികോണത്തിലും ചൊവ്വതിന്നുള്ള നവാംശവും ൪൩

അന്നവാംശത്രികോണത്തിലാകിലും ചേർത്തുകൊള്ളുക
സമകാംക്ഷാരത്തതാകേണം വ്യാഴമൊത്തിട്ടു ചൊല്ലുക. ൪൪

വെച്ചു ഗുണസ്ഫുടംതന്നെ പെരുക്കീട്ടൊമ്പതിൽ പുനഃ
ഇലിയും തിയതീമൊക്കെക്കരേററിക്കൊണ്ടനന്തരം. ൪൫

രാശിമണ്ഡലവും നീക്കി ശിഷ്ടാന്നിന്നതു സൂര്യനാം
അത്രികോണത്തിലും ചൊവ്വമന്നവാംശത്രികോണിലും. ൪൬

ചൊവ്വമന്നു ധരിച്ചാലും ജന്മസൂര്യനിതിങ്ങനെ
ഗുണസ്ഫുടത്തെ വച്ചിട്ടു പെരുക്കിപ്പതിനെട്ടിലു്. ൪൭

കരേററിക്കൊണ്ടു കാണേണം ലഗ്നത്തിന്റെ ത്രികോണവും
അന്നവാംശത്രികോണത്തിലാകിലും ചേർത്തുകൊള്ളുക. ൪൮

ആ വരുത്തീട്ടുള്ള ലഗ്നം ഗുണസ്ഫുടനവാംശവും
ഒന്നേയാകിലതത്രേയെന്നറിഞ്ഞാലും ന സംശയഃ. ൪൯

ഗുണസ്ഫുടത്തെ വച്ചിട്ടു തിയതീമിലിയാക്കിയാൽ
നാലിൽ പെരുക്കീട്ടതിനെയേഴിലാവു കഴിച്ചതു്. ൫൦

അപ്ഫലംകണ്ടു ചൊല്ലേണമാഴ്ചയെന്നതു നിശ്ചയം
വെച്ച നേരത്തെയ്യാമമെന്നറിഞ്ഞതു നാലില്. ൫൧

പൌരക്കിയെഴിലതിനെക്കഴിച്ചുള്ളതു വാരമാം
പുലച്ചുനാഴികെ നാലിൽ പെരുക്കീട്ടേഴുകൊണ്ടതും. ൧൨

ഹരിച്ചശേഷവും വാരമെന്നീവണ്ണമിതിങ്ങിനെ
ഇനസ്ഫുടം വച്ചിറക്കിയിലിയാക്കീട്ടു പത്തില്. ൧൩

ഗുണിച്ചു പുത്രനെക്കൊണ്ടു ഹരിച്ചുള്ള ഫലത്തെയും
ഹരിച്ചശേഷവും തമ്മിൽ കൂട്ടിക്കാൺ്മു വയസ്സിനെ. ൧൪

ഇനസ്ഫുടം വച്ചതിന്റെ റിയതീസിലിയാക്കിയാൽ
പത്തിൽ പെരുക്കീട്ടതിനെപ്പുത്രനെക്കൊണ്ടരിച്ചതു. ൧൫

വേറെവച്ചിട്ടപ് ഫലത്തെപ്പുത്രയെന്നതുകൊണ്ടതും
ഒരിക്കലതരിച്ചിട്ടു ശേഷിച്ചുണ്ടായതും വയഃ. ൧൬

ശേഷംകൊണ്ടു ധരിക്കേണം വയസ്സിന്നു വിശേഷതഃ
ഇതുകൊണ്ടു വരുത്തുന്നതിങ്ങനെ നഷ്ടജാതകം. ൧൭

വച്ചും വസ്തുക്കളെയും ചൊൽവാൻ രണ്ടടത്തിലു മിക്കതും
ചൊല്ലിയെന്നു ധരിച്ചാലും വരുത്തുന്നപ്രകാരവും. ൧൮

സാരമല്ലയിതെന്നോറം ചൊല്ലൊല്ലാ ആഗമേ ബുധഃ
ലഗ്നത്തിനിലയെക്കണ്ടാൽ സൂക്ഷ്മമുണ്ടോ വരുന്നിതു്. ൧൯

ഇനസ്ഫുടമതാംപോല്ലോ പിന്നെയും സൂക്ഷ്മമാകമാ
ന്നതു പിന്നെപ്പുത്രകണ്ടെന്നല്ലൊ ചൊല്ലിയും നടേ. ൨൦

ഇതെല്ലാം ഗുരുകാരുണ്യാൽ വേണമൊപ്പിച്ചുകൊള്ളുവാൻ.

„ആധാനജന്മാ പരിബോധകാലേ
സമ്പൃച്ഛതാം ജന്മ വദേദ്വിലഗ്നാൽ''
എന്നുള്ളതിന്നിങ്ങിനെ കാണ്മ മററും
പ്രകാരഭേദേന പറഞ്ഞതെല്ലാം. ൨൧

പിന്നെഗ്ഗുളികവാക്യത്താൽ ചൊല്ലാംപോലിവയൊക്കവേ
അതിന്റെ ക്രിയയും ചൊല്ലാം വിശ്വസിച്ചിട്ടു കേൾക്കിതു. ൨൨

അഗ്രമന്ത്രം രവേഘ്നോരേ സാലപത്രം വിധോഃ പുനഃ
ബ്രഹ്മാ സൂര്യഃ കുജസ്യൈവ സൂനവ്യേവ ബുധസ്യ ഹി. ൨൩

അഗ്രോ നിത്യസ്സുരേഡ്യസ്യ സംഗതേന ഭൃഗോഃ പുനഃ
രാമഃ പ്രാജ്ഞസ്ഥനേവാരേ വാച്യാ ഗുളികനാഡികാഃ. ൨൪

നഷ്ടജാതകമീവണ്ണം ഗുളികൻ വാക്യമുള്ളതിൽ
പലച്ചനാഴികെക്കൂട്ടീട്ടങ്ങിൽ പിറന്നപ്പെരുക്കിയാൽ. ൯൬

കരേറവുമാറവപതിൽ പിന്നെ മൂപ്പതിലും തഥാ
പിന്നെ നിന്നതു വ്യാഴന്താനെന്ന ചൊല്ലുന്നതേ ബുധാഃ. ൯൭

പിന്നെഗ്ഗുളികവാക്യത്തിൽ ചന്ദ്രനെക്കൂട്ടിയങ്ങില്
പെരുക്കി മാനമേറ്റീട്ട ത്രികോണിൽ ചന്ദ്രനാവതു്. ൯൮

പിന്നെഗ്ഗുളികവാക്യത്തിലാദിത്യന്റെ സ്ഫുടത്തെയും
കൂട്ടിയങ്ങിൽ ഗുണിച്ചിട്ട മാനമേറ്റീട്ട നിന്നതു്. ൯൯

മാസമെന്ന ധരിക്കണമെന്ന ചൊല്ലുന്നതേ ബുധാഃ
പിന്നെഗ്ഗുളികവാക്യത്തിൽ ഗുളികന്റെ സ്ഫുടത്തെയും ൯൰

കൂട്ടിയങ്ങിൽ ഗുണിച്ചിട്ട മാനമേറ്റീട്ട നിന്നതു്
ലഗ്നമെന്നും ധരിച്ചാലുമിങ്ങനേയും വരുത്തുക. ൧൱

ഹോരാദിയിൽ ചൊന്നതെല്ലാമന്വേഷിച്ചിട്ട ചൊല്ലുക
പന്ത്രണ്ടാമതിലീവണ്ണം ചൊല്ലീതേ നഷ്ടജാതകം. ൧൱൧

ഇതി പ്രശ്നസാരേ പന്ത്രണ്ടാമദ്ധ്യായം

സമാപ്തം.

അദ്ധ്യായം ൧൩.

എന്തും ചൊല്ലാതെയൊരുത്തൻ പ്രശ്നംവച്ചാനിതെങ്കിലോ
നഷ്ടമെന്നതിനല്ലോ പോരുത്തുചൊല്ലേണമിങ്ങനേ. ൧

ആയുസ്സിനോ കളവിനോ കാൎയ്യത്തിന്നോയിതെന്നതു്
സ്പഷ്ടമാണുപദേശങ്ങൾ പറയുന്നതുമിങ്ങനേ. ൨

ചന്ദ്രനും വ്യാഴവും രണ്ടാലൊന്നുദിച്ചിട്ടുകാണ്കിലോ
ആയുഃപ്രശ്നംവച്ചതെന്നുമറിയേണം വിശേഷതഃ. ൩

ശനി പന്ത്രണ്ടാമിടത്തോ അഷ്ടമത്തിങ്കലെങ്കിലും
ഏഴാമേടത്തു നില്ക്കുന്നതാകിലും കളവിന്നതു്. ൪

പത്താമിടത്തു ബുധനും പാരേ ശുക്രനദിക്കിലും
ധനസ്ഥാനത്തു വ്യാഴന്താനെങ്കിൽ കാൎയ്യത്തിനായതു്. ൫

കിഴക്കുനിന്നുവന്നിട്ടു ചൊറിയ്യു തല വന്നവൻ
തൊട്ടു പല്ലെങ്കിലും പോളെ .കാൎയ്യലാഭം ന സംശയഃ.   ൬

കളവിന്നെങ്കിലോ കിട്ടുമെന്നു നിശ്ചയമാക്കുക.
കുചത്തെതൊട്ടുകിലായുസ്സിന്നാഴകാം കാരിയത്തിനും.   ൭

വദനം തൊട്ടുവോനാകിൽ സന്തതിക്കേറെ നന്നിതു്
തോളും കഴുത്തും തൊട്ടുകിൽ ശയ്യാ രോഗമെങ്കിലോ.   ൮

തൊട്ടുന്നോൻ കവിളെന്നാകിലൎത്ഥലാഭം ജയം വരും
കണ്ണുംതൊട്ടുകിലോ ശത്രു വൎദ്ധിക്കെന്നതു ലക്ഷണം.   ൯

തൊട്ടുന്നോൻ വയറുമാറുമെങ്കിലായുസ്സു നിശ്ചയം
കാൎയ്യവും പുത്രലാഭങ്ങൾ ശത്രുവോടു ജയം വരും.   ൧൦

തൊട്ടു കാലെങ്കിലാകായെന്നറിയേണമതൊന്നിനും
എട്ടുദിക്കിലുമീവണ്ണം വന്നുനിന്നാൽ ന സംശയഃ.   ൧൧

വച്ചദ്രവ്യവുമൊന്നെങ്കിൽ ചെറുക്കൻ പ്രസവിപ്പതു്
കോണിൽനിന്നിട്ടു രണ്ടാകിൽ പെൺപിറക്കുന്നതും ദൃഢം.   ൧൨

ദിക്കിൽ നാലിലുമീവണ്ണം നിന്നു ചോദിക്കിലോ പുനഃ
ജയിക്കുമേറിയിക്കലഹമെന്നു ചൊല്ലവ്വുമായതു്.   ൧൩

അല്പ്പം വാ താൻ കവിളുതാൻ തൊട്ടു വയറുതാനവൻ
ജയം വരും ദൃഢംതാനും കച്ചതൊന്നിനു കിട്ടുമേ.   ൧൪

ആയുസ്സിനും നന്നു ദൃഢം സന്തതിക്കുമിതിങ്ങനെ
കോണിൽനിന്നു തൊട്ടുന്നോനെന്നാകിലീവണ്ണമൊക്കവേ.   ൧൫

വയികം ലാഭമുണ്ടാമേയെന്നു ചൊല്ലുക നിശ്ചയം.

അജാദിസിംഹാദികൾ നാലുനാലിൽ
ചാപാദികുംഭാദികൾ ചേൎത്തുകൊണ്ടാൽ
ആറാറതീവണ്ണമറിഞ്ഞുകൊള്ളൂ
നിശാഖ്യമാഖ്യങ്ങളും ദിനാഖ്യമന്യേ.   ൧൬

നിശാഖ്യമാകുന്നവ സോമപക്ഷം
ദിനാഖ്യമാകുന്നവ സൂൎയ്യപക്ഷം

ഇവററിൽ നിരംക്കുന്ന നവഗ്രഹാണാ-
മീവണ്ണമുള്ളോ ചിലഭേദമുണ്ട്. ൧൭

നക്ഷേത്തിൽ നാലക്കനുകൂലഭാവ-
മന്ത്യത്തിലെവക്കനുകൂലഭാവം
അന്ത്യത്തിലന്യേ പ്രതികൂലരെന്നും
നാലക്കുമെവക്കമറിഞ്ഞുകൊൾക. ൧൮

„ഇന്ദുപാരമന്ദാഃ ശിഖി നാലരാല്ലേ
രവിജ്ഞജെവേദ്ധ്യസിതസ്തമോഽന്ത്യേ.” ൧൯

സോമനും സൂൎയ്യനും സോമപക്ഷത്തിൽ സ്ത്രീത്വമുള്ളതു്
പുംസ്ത്വം മറേറവരെല്ലാക്കും സൂൎയ്യപക്ഷത്തിലുള്ളതു്. ൨൦

ശുക്രനും ബുധനും സ്ത്രീത്വം സൂൎയ്യപക്ഷത്തിലുള്ളതു്
പുംസ്ത്വം മറേറവരെല്ലാക്കും സോമപക്ഷത്തിലുള്ളതു്. ൨൧

പക്ഷദ്വയത്തിലും ഭേദമീവണ്ണം വരുമെന്നതു്
നിലകണ്ടിട്ടു സൂക്ഷിച്ചു ധരിക്കേണം ന സംശയഃ. ൨൨

അന്യക്കുള്ള സ്ഫുടവെച്ചാലതിലക്കസ്ഫുടത്തെയും
കൂട്ടിക്കൊണ്ടാൽ പൊരുത്തിനു യോഗസ്ഫുടമതെന്നതു്. ൨൩

സോമപക്ഷത്തിലും സൂൎയ്യപക്ഷത്തിലുമിതിങ്ങനെ
നിലകണ്ടു ധരിക്കേണം ഗുണദോഷങ്ങളുള്ളവ. ൨൪

ആനുകൂല്യം ധരിച്ചിട്ടു ഗുണമുള്ളവ ചൊല്ലുക
പ്രാതികൂല്യം ധരിച്ചിട്ടു ദോഷംവന്നവ ചൊല്ലുക. ൨൫

ക്രൂരരിൻെറയഷ്ടമത്തിങ്കലിവർ ചെല്ലുന്ന നാളംഫലം
ദോഷവും ഗുണവും ചെയ്യുമായമെന്നു ധരിക്കണം. ൨൬

ഇന്ദുവും മാന്ദിയും നില്പു അഷ്ടമത്തിങ്കലെന്നതോ
മത്സ്യമാംസം വരികതാനല്ലെങ്കിൽ കലഹം ധ്രുവം. ൨൭

സ്ത്രീഹേതുവായിട്ടുണ്ടാവുമെന്നു ചൊല്ലാം ന സംശയഃ
ഗ്രഹങ്ങൾ മററുള്ളോക്കെല്ലാം ധാതുമൂലങ്ങൾ ജീവനും. ൨൮

കൎമ്മദോഷവിനാശം ച ചിന്തിച്ചിട്ടങ്ങു ചൊല്ലുക
നിത്യജാതകവും പിന്നെ നിത്യപ്രശ്നത്തിലുള്ളതും. ൨൯

ഇവിടെച്ചൂത്തുചൊല്ലണമവിടെനിന്നുമൊക്കണം
രാശിഭാവഗ്രഹങ്ങൾക്കും സ്വരൂപം കണ്ടു ചൊല്ലുക. ൩൦

ചൊല്ലിപ്പൂ കളവിന്നെങ്കിലാരനും സൂര്യനും നടേ
കേന്ദ്രത്തിൽ നിൽക്കുന്നോരാകിൽ ധാതുദ്രവ്യം കളവതു്. ൩൧

ബുധനും ശനിയും കേന്ദ്രേ നിൽക്കിൽ മൂലം കളഞ്ഞതു്
വ്യാഴം ചൊവ്വാ ചന്ദ്രനവർ കേന്ദ്രേ നിൽക്കുന്നതാകിലോ. ൩൨

ജീവസംബന്ധിയായുള്ള ദ്രവ്യം പോയതു നിശ്ചയം
മേടം ചിങ്ങം വൃശ്ചികവും പൃഷ്ഠംവരികിലോ പുനഃ. ൩൩

ആരനാദിത്യനും തന്നിൽ നിൽക്കതാൻ ദൃഷ്ടിയാകതാൻ
ചെയ്കിൽ ധാതുദ്രവ്യമത്രെ കളഞ്ഞതു ന സംശയഃ. ൩൪

മിഥുനം കന്നിയും കുംഭം പൃഷ്ഠംവന്നിട്ടിരിക്കിലോ
ബുധനും ശനിയും തന്നിൽ നിൽക്കിലും ദൃഷ്ടിയെങ്കിലും. ൩൫

കളഞ്ഞതു കിഴങ്ങാദിയെന്നു ചൊല്ലാം ന സംശയഃ
പിന്നെ കർക്കടകം മീനം തുലാവും ധനുവും തഥാ. ൩൬

ഇടവം രാശിയാൻ വന്നാൽ ചന്ദ്രനും വ്യാഴവും പുനഃ
ശുക്രനുംകൂടി നിൽക്കുന്നു ദൃഷ്ടിവെക്കിലുമതഥാ. ൩൭

ജീവനുള്ളതെന്നു ചൊല്ലു പിന്നെ ലക്ഷണമിങ്ങനെ
ഇടവം മേടവും ചിങ്ങം പൃഷ്ഠം വന്നിട്ടിരിക്കിലോ. ൩൮

നാലുകാലുള്ളതാകേണമില്ലെ സംശയമേതുമേ
മിഥുനം കന്നിയും കുംഭം തുലാവും പൃഷ്ഠമാകിലോ. ൩൯

രണ്ടുകാലുള്ളതൊന്നു ദ്രവ്യംപോയതെന്നതു നിശ്ചയം
മേടം വരികിലോ സപ്തസംഖ്യവേണം കളവതു്. ൪൦

ഇടവം കുംഭവും വന്നാലഞ്ചുവസ്തു കളഞ്ഞവ
മിഥുനം വരികിൽ പന്ത്രണ്ടു സംഖ്യ കളഞ്ഞവ. ൪൧

കന്നി കർക്കടകം വന്നാലാറുവസ്തു കളഞ്ഞവ
ചിങ്ങം വരികിലെട്ടുണ്ടു നാലുപോവു തുലാത്തിനു. ൪൨

ഏഴുണ്ടു വൃശ്ചികം വന്നാൽ പതിമൂന്നു ധനുസ്സിനു്
പത്തുണ്ടു മകരം വന്നാൽ മീനേ തു പതിനാലുമാം. ൪൩

മേടമാകിൽ ചുവന്നൊന്നു കാളതാൻ പശുതാനതു്
വെളുത്തൊന്നിടവം വന്നാൽ മിഥുനേ കിളിതൻനിറം. ൪൪

പിന്നെക്കർക്കടകത്തിന്നു പാതിരിപ്പൂനിറം വരും
ചിങ്ങംവന്നാൽ പുകനിറം കന്നിവന്നാൽ വെളുത്തതു്. ൪൫

തുലാംവന്നാൽ പലനിറം വൃശ്ചികേ തു കറുത്തതു്
ധനുരാശി വരുമ്പോഴോ പൊൻപോലെ നിറമുള്ളതു്. ൪൬

ചെമ്പോത്തിൻനിറമാകേണം മകരം വരികിൽ പുനഃ
കുംഭമാകിൽ കറുത്തിട്ടു ശ്യാമം മീനേ നിറം ദ്രവ്യം. ൪൭

മേടംവന്നിട്ടു ചൊവ്വാതാനാദിത്യൻതാനതിൽ പുനഃ
നിൽക്കിൽ പൊന്നെന്നു ചൊല്ലേണം രാശിതാകിലുമാമതു്. ൪൮

ചന്ദ്രനും ശുക്രനും നിൽക്കിൽ പശു പോയതു നിശ്ചയം
വെളുത്തിട്ടും ചുവന്നിട്ടും നിറമുള്ളൊന്നതായതും. ൪൯

ബുധൻതാൻ ശനിതാൻ നിൽക്കിൽ ധാന്യമെന്താവമായതു
എള്ളുപോയവൃശിത്യാദിയെന്നു നിശ്ചയമാക്കുക. ൫൦

രാഹുവെങ്കിലിരിമ്പത്രേ പോയതെന്നു ധരിക്കണം
ഇടവംവന്നതിൽ ചന്ദ്രൻ ശുക്രനും നിൽക്കിൽ വെള്ളിതാൻ. ൫൧

ആരനാദിത്യനും നിൽക്കിൽ ചുവന്നുള്ളൊന്നു ദ്രവ്യവും
ബുധനും ശനിയും നിൽക്കിൽ കറുത്തൊരു പശു ദ്രവ്യം. ൫൨

രാഹുവെങ്കിൽ കറുത്തൊരു വസ്തുവായതു നിശ്ചയം
മറ്റെരാശിയിലെല്ലാമേ ഈവണ്ണം ഗ്രഹമൊക്കവേ. ൫൩

നിലകണ്ടിട്ടു ചൊല്ലേണം നിരൂപിച്ചിട്ടു ബുദ്ധിമാൻ
നിറം ചുവന്നു ചൊവ്വായുമാദിത്യനുമതേ പുനഃ. ൫൪

വെളുത്തു ചന്ദ്രനും പിന്നെശ്ശുക്രനും കണ്ടുകൊള്ളുക
വ്യാഴം മഞ്ഞനിറംപോലെ കറുത്തു ശനിതൻനിറം. ൫൫

രാഹുവിന്നും കറുത്തത്രേ മിശ്രംപോൽ ബുധനായതു്
ഇവയൊത്തുനിരൂപിച്ചു വസ്തുചിന്തകളൊക്കവേ. ൫൬

ധാതുപാദികളിലും ചേർത്തു ചരാദികളിലും പുനഃ
യോജിക്കുമാറു ചൊല്ലേണമെന്തചിത്യത്തിനുതക്കതു്. ൫൭

സ്ഥിരരാശിവശ്ശ പ്രശ്നമെങ്കിലൊ ദ്രവ്യവും പുനഃ
അവിടെത്തന്നെയെന്നു ചൊല്ലാം കള്ളരും തങ്കലുള്ളവർ. ൧൮

രാശി കർക്കടകം പിന്നെ വൃശ്ചികം മീനമെങ്കിലും
ബ്രാഹ്മണൻ കൊണ്ടുപോയെന്നാനുള്ള ലക്ഷണമായത്. ൧൯

മേഷസിംഹധനുവാകിൽ ക്ഷത്രിയൻ കൊണ്ടുപോയത്
തുലാം കുംഭം ച മിഥുനം വൈശ്യനെന്നുള്ള ലക്ഷണം. ൨൦

ഇടവം കന്നി മകരം ശൂദ്രൻ കട്ടതു നിശ്ചയം
മേഷസിംഹധനുവെങ്കിൽ കിഴക്കെന്നതു നിശ്ചയം. ൨൧

ഇടവം കന്നി മകരം തെക്കലക്ഷണമാമത്
തുലാം കുംഭം ച മിഥുനം പടിഞ്ഞാറുള്ള ലക്ഷണം. ൨൨

മീനം കർക്കടകം പിന്നെ വൃശ്ചികം രാശിയാകിലൊ
വടക്കെന്നു ധരിക്കേണം ലക്ഷണങ്ങളിതിങ്ങനെ. ൨൩

ആദിത്യനുദയം ചെയ്കിൽ കിഴക്കെന്നതു നിശ്ചയം
അഗ്നികോണെന്നിരിക്കിലൊ ശുക്രൻ ചൊവ്വ തെക്കാകിൽ നിശ്ചയം.
൨൪

നിരൃതൌ രാഹുവായീടിൽ ദ്രവ്യം പോയീ ന സംശയഃ
ശനിയെങ്കിൽ പടിഞ്ഞാറു ചന്ദ്രൻ വായവ്യകോണില്. ൨൫

ബുധൻ വടക്കെങ്കിൽ വ്യാഴമീശാനകോണിലും
കവർഗ്ഗമാരനാദിത്യോ ചവർഗ്ഗം ശുക്രനാകിലൊ. ൨൬

ടവർഗ്ഗം ബുധനാംശേഷാ തവർഗ്ഗം വ്യാഴമാകിലൊ
പവർഗ്ഗം ശനിയെന്നാകിൽ യകാരാദികൾ ചന്ദ്രന്. ൨൭

ഷകാരാദികളാദിത്യന്നക്ഷരങ്ങളിതിങ്ങനെ
ലഗ്നവും ലഗ്നനാഥനുമവൻ ചെന്നുള്ള രാശിയും. ൨൮

അംശവും ബലവും ചിന്തിച്ചിട്ടു വസ്തുക്കൾ ചൊല്ലുക
അവ്വണ്ണമാറാമെടംകൊണ്ടോർക്കേണം കള്ളരെപ്പുനഃ. ൨൯

ലാഭവ്യയാർത്ഥനാശങ്ങളവയും പതിമാത്രമായ്
ശുഭാശുഭങ്ങൾചെയ്യുന്ന ഫലവും നിരൂപിക്കണം. ൩൦

വസ്തുഭേദം കള്ളരെയുമക്ഷരംകൊണ്ടു ചോരരും
ദിക്കും മൂർത്തികതാപങ്ങൾ മറവും ചൊല്ലിപ്പതൊക്കവെ. ൩൧

രാശിഭാവസ്വരൂപങ്ങളും ഗ്രഹത്തിന്റെ സ്വരൂപവും
ഒക്കവേ നിരൂപിച്ചു പിഴവാരാതവണ്ണമേ. ൧൨

ഗുണഭേദ്യാ ദംസ്പഷ്ടമേവാനുഗ്രഹംകൊണ്ടുമിങ്ങനെ
മനോരഥിതയെന്തെന്നിട്ടു ചൊല്ലേണം നഷ്ടമിങ്ങനെ. ൧൩

അര്‍ക്കന്നു മൂപ്പതുള്ള രശ്മികളെന്നു കേള്‍പ്പൂ
ചന്ദ്രന്നു പിന്നെ മനയുക്കകളുണ്ടു രശ്മി
ആറന്നു രശ്മികളൊരെട്ടു ബുധന്നു ഷട്കം
വ്യാഴത്തിനൊന്‍പതുള്ള ശുക്രന്നൊരേഴു പിന്നെ. ൧൪

മൂന്നുണ്ടു മന്ദനിഹ രശ്മികളെന്നു കേള്‍പ്പൂ
രാഹുന്നു രണ്ടു പുനരങ്ങിഹ രണ്ടു കേതോഃ
രശ്മിപ്രഭാവമറിവോരിഹ സംഖ്യകൊള്‍വൂ
യോജിച്ചുവന്ന ഫലമൊപ്പതിനോത്തുകണ്ടു്. ൧൫

പതിമൂന്നാമതിവണ്ണം നഷ്ടപ്രശ്നം പറഞ്ഞിതു.

ഇതി പ്രശ്നസാരേ പതിമൂന്നാമദ്ധ്യായം

സമാപ്തം.

അദ്ധ്യായം ൧൪.

രാശിഭാവഗ്രഹങ്ങളാംക്ക ഹോരയില്‍ ചൊന്നതൊട്ടു ഞാന്‍
ചൊല്ലുന്നേന്‍ ഭാഷയാ വൃത്തിരൂപേണാന്തവിചിന്തയേ. ൧

കേള്‍പ്പൂ കാലാഖ്യപുരുഷസ്യാംഗം പന്ത്രണ്ടുരാശികള്‍
മുതലശപതി മേടങ്ങള നവാംശദ്വാദശാംശവും. ൨

കാലാംഗമിവയെല്ലാമേതെന്നു ചൊല്ലുന്നതേയിനി
വരാംഗം തല മേടന്താനാനനം വൃഷഭം പുനഃ. ൩

ഉരസ്സു മിഥുനംരാശി ഹൃദയം കര്‍ക്കടം പുനഃ
ക്രോഡമെന്നുദരം പിന്നെച്ചിങ്ങംരാശിയതായതു്. ൪

കടിപ്രദേശവും പിന്നെ കന്നിരാശിയതായത്
നാഭിപ്രദേശസ്യ താഴെ തുലാമെന്നറിവു പുനഃ. ൫

വ്യഞ്ജനം വ്യജ്യതേഽനേന ലിംഗം വൃശ്ചികമായത്
ഊരുരണ്ടും ധനുരാശി മകരം മുട്ടു രണ്ടുമേ. ൬

ജംഘരണ്ടും കുംഭമല്ലോ മീനമംഘ്രിദ്വയം വരം
രാശി പന്ത്രണ്ടുമീവണ്ണമംഗം കാലസ്യ കല്പിതം. ൭

ആറാറംഗങ്ങളൊട്ടുന്നു പൂർവ്വാർദ്ധമപരാർദ്ധവും
ജാതകത്തിന്നുമീവണ്ണമാറാറംഗങ്ങളാം സൂചിതം ൮

ചക്രസ്ഥിതങ്ങളെന്നിട്ടു സൂചിതം ഭ്രമണം ദൃഢം
ദേഹത്തിന്നുമതുവണ്ണം ഭ്രമിക്കെന്നതു നിശ്ചയം. ൯

നവർക്ഷചരണാഖ്യന്തു ചരിപ്പാൻ സാധനങ്ങളും
രാശിക്ഷേത്രാദിനാമങ്ങളെല്ലാമർത്ഥത്തിങ്കൽ വന്നവ. ൧൦

രാശീനാം വസ്തുനിർദ്ദേശം കാട്ടുന്നു പുനരിങ്ങനെ
അന്യോന്യപുച്ഛാഭിമുഖൌ മത്സ്യൌ ദ്വൌ മീനരാശിതാൻ. [൧൧

ഉദയോദയവും പിന്നെ ജലരാശിയതെന്നതും
രത്നാകരത്വവും ചൊല്ലിയതുകൊണ്ടെന്ത സംശയഃ. ൧൨

ഘടീരിക്തഘടഃ കയ്യിൽ പാകശാലാസ്ഥലേ സ്ഥിതഃ
കുംഭസംഭവദേശം തു കലശാധാനമായത്. ൧൩

മനുഷ്യരാശി മിഥുനം ഗദയും വീണയും കരേ
വിവിക്തശയ്യാഗേഹത്തിൽ ക്രീഡിച്ചിട്ടങ്ങിരിപ്പതു്. ൧൪

അശ്വത്തിൻജഘനംപോലെ വില്ലുള്ളോരു നരൻ ധനു
രാജഗേഹത്തിൽ നില്പതും ധനുവാകുന്ന രാശിതാൻ. ൧൫

മാൻപോലെ മുഖമുള്ളോരു നക്രം മകരമായത്
സമുദ്രസന്നിധൌ നില്പോൻ കൊമ്പുള്ളോരുകാടതിൽ. ൧൬

തുല കൈയിൽ പിടിച്ചുള്ള വാണിയൻ പുരുഷൻ തുലാം
അങ്ങാടിയിലിരിപ്പുള്ളോൻ ക്രയവിക്രയമുള്ളവൻ. ൧൭

കൊള്ളക്കൊടുപ്പാനെല്ലാമേ വച്ചിരിക്കും സ്ഥലം തുലാം
കന്യാസ്ത്രീ പ്ലവഗാ വാപ്യാം സസസ്യദഹനാ പുനഃ. ൧൮

ജലത്തിന്റെ സമീപത്തിൽ ധാന്യമുള്ള പ്രദേശമായ്
വിഹാരസ്ഥാനമായുള്ള കന്നിയാകുന്ന രാശിതാൻ. ൧൯

സ്വനാമസദൃശാശ്ശേഷാ രാശയോ നാത്ര സംശയഃ
വനപ്രദേശമാം മേടമാടല്ലോ പുനരായതും. ൨൦

ഇടവം കാളതാനല്ലോ പകൽ കാട്ടിൽ നടപ്പതും
വിളഭൂമിയിലുംകൊള്ളാം രണ്ടിനും മെഴുണ്ടെടോ. ൨൧

വെള്ളത്തിൽ സ്ഥിതിയായുള്ള ഞണ്ടു കർക്കടമായത്
സിംഹത്താൻ ചിങ്ങമാംരാശി കൊടുങ്കാട്ടിലിരിപ്പതും. ൨൨

തേളല്ലോ വൃശ്ചികംരാശി വല്മീകങ്ങളതന്നിലേ
ഏവം രാശിസ്വരൂപാണാം സ്ഥലങ്ങളൊപി പ്രദർശിതം. ൨൩

നടേ മേടം ചതുഷ്പാത്തു ചതുഷ്പാത്തിടവം പുനഃ
പിന്നെച്ചിങ്ങം ചതുഷ്പാത്തു മൃഗാശേ ജലചരങ്ങളും. ൨൪

ദ്വിപാത്തു മിഥുനം കന്നിതുലാവും ധനുരർദ്ധവും
സരീസൃപാസ്സു മകരം വൃശ്ചികം കർക്കിമീനവും. ൨൫

പിന്നെക്കർക്കടകം കന്നി വൃശ്ചികം മകരം തഥാ
മീനമെന്നിവ ചൊല്ലുന്നു ജലരാശികളെന്നിവ. ൨൬

സ്ഥലരാശികൾ മറ്റുള്ളവെന്നു ചൊല്ലുന്നതേ ബുധാഃ
ഇനി ഭാവവിവേകത്തെക്കാട്ടുന്നു തദനന്തരം. ൨൭

വ്യയമാവും മീനമല്ലോ മേടമാദിതുടങ്ങിയാൽ
അതെട്ടത്തു നടേ പൂർവ്വജന്മമോർത്തു തുടങ്ങുവാൻ. ൨൮

നഷ്ടജാതകമാപ്പാന്തമിശ്ലോകം മൂലമായത്
ഇഹലോകസുഖം ദുഃഖമഷ്ടമം കഴിവോളവും. ൨൯

ഗ്രഹങ്ങൾക്കൊക്കെവണ്ണം സ്ഥിതികണ്ടിട്ടു ചൊല്ലുക
പിന്നെപ്പാരത്രികം പന്ത്രണ്ടോളവും ഗ്രഹരാശികൾ. ൩൦

മേഷാദിരാശി പന്ത്രണ്ടിലേതന്നേരത്തുദിച്ചത്
അതു ലഗ്നമതാകുന്ന ഭാവമെന്നറിയേണമേ. ൩൧

ലഗ്നാദിഭാവവും പിന്നെത്തൊട്ടടിയോളവും
മേഷാദിരാശിയെപ്പോലെയറിയേണം വിഭാഗവും. ൩൨

അവനവന്റെ വെവ്വേറെയാകുന്നു ജന്മമെത്രെ
അതുകൊണ്ടിതുപത്തേഴു കൂറിട്ടാൽ നാളൊന്നാകുന്നതാം. ൩൩

ആറെട്ടുകാൽകളുംഗതേതിലറിയാമെങ്കിലുണ്ടതും
ലഗ്നദ്രേക്കാണാംശകങ്ങളിൽ ഭാവം പന്ത്രണ്ടിലും ക്രമാൽ. ൩൪

വരുന്നതു വലത്താദി മണ്ഡലം ശൂന്യവട്ടമാം
ഊർദ്ധ്വമദ്ധ്യാധരാംശത്തിൽ മൂപ്പുതാറിങ്ങനെ വരും. ൩൫

ലോകം ദൃക്ശ്രോത്രനാസാത്ത്യാദികൊണ്ടറിഞ്ഞതാലുമങ്ങനെ
സൃഷ്ടിസ്ഥിതിലയ സംഹാരം ഭാവം നന്നായ്പ്പു ദൃഷ്ടിയാൽ. ൩൬

മേഷാദിയാകിലോ രാശി നന്നായാലതുമങ്ങനെ
ലഗ്നാദിഭാവസമ്പത്തു പറയുന്നുണ്ടു കേൾക്കിൽ ഞാൻ. ൩൭

ശരീരമംഗമെപ്പേരും നിറവും സുന്ദരത്വവും
മോഹശക്തിയുമക്കാര്യവസ്തുനിശ്ചയമാത്മവും. ൩൮

ലഗ്നഭാവംകൊണ്ടു വേണം ചൊല്ലുവാനിവയൊക്കവേ
വാക്ഗേഹഭാവം ധനം ധാന്യം കുടുംബം മുഖമെന്നിവ. ൩൯

രണ്ടാംഭാവംകൊണ്ടു വേണം ചൊല്ലുവാനിവയൊക്കവേ
കൂടെപ്പിറന്നോരെപ്പോതങ്ങളവർതന്റെ പരാക്രമം. ൪൦

കഴുത്തും കൈകളും മാറും ഭൃത്യഭൃത്യതയും കപാലിനി
മൂന്നാംഭാവംകൊണ്ടു വേണം ചൊല്ലുവാനിവയൊക്കവേ. ൪൧

മാതാവുമില്ലവും ബന്ധുസൗഖ്യവും വെള്ളവും സുഖം
നാലാമെടംകൊണ്ടു വേണം ചൊല്ലുവാനിവയൊക്കവേ. ൪൨

ആത്മാവും പ്രാണനും ബുദ്ധി മനോഹങ്കാരചിത്തവും
പുത്രരും ശിഷ്യരും മന്ത്രതന്ത്രത്തിന മേലെടം. ൪൩

അഞ്ചാംഭാവംകൊണ്ടു വേണം ചൊല്ലുവാനിവയൊക്കവേ
രോഗവും ശത്രുവും കള്ളൻ മററനിഷ്ടജനങ്ങളും. ൪൪

മലമൂത്രംകിടക്കുന്ന ദിക്കും നാഡിപ്രദേശവും
ആറാംഭാവംകൊണ്ടു വേണം ചൊല്ലുവാനിവയൊക്കവേ. ൪൫

ഭാര്യാഭർത്താക്കളും കാമം സൌഭാഗ്യസുഖമൊക്കയും
ക്രിയയും ലിംഗയോനിസ്ഥാനങ്ങളും ശുക്ലശോണിതം. ൪൬

ദൃഷ്ടിയും പിന്നെയുണ്ടാംരാശിയെന്നാകിൽ ബാധയും
എട്ടാംഭാവംകൊണ്ടു വേണം ചൊല്ലുവാനിവയൊക്കവേ. ൮൭

ആയുസ്സും മരണം നാശം ദുഃഖം വൈധവ്യമാധിയും
ഛിദ്രം വൃഷണം പൃഷ്ഠം ഗുദമാന്ത്രപ്രദേശവും. ൮൮

എട്ടാംഭാവംകൊണ്ടു വേണം ചൊല്ലുവാനിവയൊക്കവേ
ധർമ്മം പുണ്യം ധർമ്മദൈവം തപസ്സും ഭാഗ്യവും ഗുരു. ൮൯

അച്ഛനാരാം പൗത്രരും സ്ത്രീണാം സ്ഥിരമെന്നാകിൽ ബാധയും
തുടരണ്ടും ഗുണം മറവുമിനിയതൊക്കെ സൂചിതം. ൯൦

ഒൻപതാംഭാവമോർത്തിട്ടു ചൊല്ലേണമിവയൊക്കവേ
കർമ്മങ്ങളെല്ലാമേ കർമ്മാജീവവുമാജ്ഞയും. ൯൧

കാൽമുട്ടുരണ്ടിനിന്മേൽ വരും കർമ്മപ്രവൃത്തിയും
പത്താംഭാവംകൊണ്ടു വേണം ചൊല്ലുവാനിവയൊക്കവേ. ൯൨

വരുന്നജനനം ലാഭം ഫലംവരവതൊക്കയും
ശ്രോത്രയും കാൽവണ്ണരണ്ടും പരമെന്നാകിൽ ബാധയും. ൯൩

പതിനൊന്നാംഭാവമോർത്തു ചൊല്ലേണമിവയൊക്കവേ
മുൻപിൽക്കഴിഞ്ഞജന്മകൃത്യങ്ങളഴിയുന്നതും. ൯൪

നാശവും കാൽമണിക്കെട്ടുമുള്ളങ്കാലോളമുള്ളത്
പന്ത്രണ്ടാംഭാവമോർത്തിട്ടു ചൊല്ലേണമിവയൊക്കവേ. ൯൫

നിലവും പശുവും ഭക്ഷ്യം ഭോജ്യമുട്ടുന്നവൻകറി
മോരാദിയും ചോറുമൊക്കെ കൂടിയുണ്ടാൽ നിറഞ്ഞത്. ൯൬

പറയും കഥയും പൊളിക്കിടക്കുന്നിടവും പുനഃ
ലഗ്നാദിഭാവംകൊണ്ടോർത്തു ചൊല്ലേണമിവയൊക്കവേ. ൯൭

ഏഴുരാശിയിലെബ്ഭാഗമുള്ളതും ലഗ്നമായത്
അതാദിരാശിപന്ത്രണ്ടിലെബ്ഭാഗം ഭാവമായത്. ൯൮

അനിഷ്ടഭാവനാഥന്മാർ പാപന്മാർ നിന്ന ഭാവമോ
നശിക്കും ബലമില്ലെങ്കിൽ തനിക്കും തൻപതിക്കുമേ. ൯൯

താനും തൻപതിയും മറവുള്ളവന്മാർ ബലവാനായത്
കൂടിനോക്കുന്നഭാവങ്ങൾ മറവുള്ള ബലവുള്ളതാം. ൱

ഉണ്ടെന്നിരിക്കിലോ ഭാവസ്ഥൂലം വൎദ്ധിക്കുമെന്നുമോൎക്കം
ഭാവം പന്ത്രണ്ടിനും മദ്ധ്യേ പതിനാങ്ങീയു തീയതി. ൯൧

അകലെസ്സംബന്ധിഭാവത്തിൻ ഫലമില്ലവിടെപ്പുനഃ
കേന്ദ്രാദിപൂൎവ്വമദ്ധ്യാന്തകാലത്തു ഫലസിദ്ധികൾ. ൯൨

ത്രികോണബന്ധവും കൊള്ളാം ചതുരശ്രം ഷഡശ്രവും
ശുഭന്മാരെങ്കിലൗചിത്യാൽ ഫലസിദ്ധികൾ ചൊല്ലുക. ൯൩

ഉദയം നാലേഴുപത്താം ഭാവം കേന്ദ്രമതായതു്
ചതുഷ്ടയം കണ്ടകമെന്നതിനെച്ചൊല്ലിനാർ ചിലർ. ൯൪

രണ്ടാംഭാവവുമഞ്ചാമതഷ്ടമം പതിനൊന്നിനും
കൂടെപ്പണപരം പേരാമെന്നതൊന്നു ധരിക്കണം. ൯൫

മൂന്നാമാറാംപത്തു പന്ത്രണ്ടാംഭാവമാപോക്ലിമം പുനഃ
ത്രികോണമഞ്ചൊൻപതാംഭാവങ്ങളെന്നും ധരിക്കണം. ൯൬

ചതുരശ്രം നാലുമെട്ടും ഷൾക്കോണം പുനരോജമാം
ഒന്നുമൂന്നാദിസംഖ്യകളൊററയ്ക്കുവരുന്നതു്. ൯൭

ഓജമെന്നും ധരിച്ചാലും യുഗ്മം മററവയൊക്കവേ
മേഷാദിരാശിയേതെന്നു [illegible] ഭാവമെന്നതും. ൯൮

ഭാവനാഥന്മാരോൎക്കണം ബന്ധുശത്രുതയും മിഥഃ
എന്നേബലം ധരിക്കാവൂ ചൊല്ലുന്നതങ്ങുമിങ്ങനെ. ൯൯

മേഷവും മിഥുനം ചിങ്ങം തുലാവും ധനു കുംഭവും
വിഷമം പുരുഷൻ ക്രൂരമോജമെന്നിവയാവുമാം. ൧൦

ഇടവം വൃശ്ചികം കൎക്കി മകരം കന്നി മീനവും
സമം സ്ത്രീസൌമ്യവും യുഗ്മരാശിയെന്നിവയാവുമാം. ൧൧

മേടവും മകരം തൌലി കൎക്കിയും ചരരാശികൾ
മേഷകേന്ദ്രമിതാകുന്നതെന്നറിഞ്ഞാലുമേ പുനഃ. ൧൨

ചിങ്ങവും വൃശ്ചികം കുംഭമിടവം സ്ഥിരരാശികൾ
ധനു മീനം മിഥുനവും കന്നിയുഭയങ്ങളാം. ൧൩

രാശിത്രികോണമാകുന്നു മേടം ചിങ്ങം ധനു നടേ
ഇടവം കന്നി മകരം മിഥുനം തുല കുംഭവും. ൧൪

കർക്കിവൃശ്ചികമീനങ്ങളെല്ലാം രാശിത്രികോണമാം
കൃതത്രേതാ ദ്വാപരവും കലിയും യുഗങ്ങളെന്ന. ൧൫

ഋഗ്യജുസ്സാമവും പിന്നഥർവവും വേദങ്ങളെ
വർണ്ണവും ദിക്കു നിറവും നക്ഷത്രത്തിൽ ചൊന്നപോലെയാം. ൧൬

രാശിഭേദമിതീവണ്ണം പിന്നെഷ്ഷഡ്വർഗ്ഗമായതു്
ക്ഷേത്രം നവാംശകം പിന്നെ ദ്വാദശാംശകവും പുനഃ. ൧൭

ത്ര്യംശം ദ്രേക്കാണമതുപോൽ ദ്വ്യംശം ഹോരയിതെന്നപോൽ
ത്രിംശാംശകവുമെന്നങ്ങു പിന്നെ വർഗ്ഗങ്ങളാറിവ. ൧൮

ഏതരാശീശ്വരന്നൊന്നാം പ്രഭേദമറിയുമെടോ
ചതുരംശം ഷഡംശങ്ങൾ വേറെവേറാം ക്രമാൽതു്. ൧൯

സപ്താംശം വർഗ്ഗചിന്തക്ക ചൊല്ലീ പദാതികാരണം
കക്ഷ്യാപ്രസ്താരവും പിന്നെയഷ്ടവർഗ്ഗഫലത്തിനാം. ൨൦

അഷ്ടാംശമോ ചൊല്ലിയല്ലോ ദശാംശം ദശവായുവാം
ഏകാദശേന്ദ്രിയങ്ങൾക്കു ചൊല്ലുമേകാദശാംശകം. ൨൧

ത്രിംശാംശകം മുപ്പതായിട്ടതോ മുൻപേ പറഞ്ഞതു്
ദ്രേക്കാണരാശിവെണ്ണപോൽ ഷട്ത്രിംശാംശകമാക്കണമേ. ൨൨

നവാംശകനവാംശത്തിന്നെണ്പത്തൊന്നാലിതൊന്നതും
നവാംശദ്വാദശാംശത്തിൽ നൂറെട്ടംശമാകണമേ. ൨൩

ഷോഡശാംശദ്വാദശാംശം നൂററിനാല്പത്തുനാലുള്ള
നാളിന്ന പന്തിരണ്ടാലൊളിയപാതത്തെഴുവസ്ഥയാം. ൨൪

വേലയെപ്പത്തൊന്നതല്ലി, നൂററിമുപ്പതുമയുമാം
ക്രിയയെന്നറിഞ്ഞാലുമംശാംശം സംഖ്യയില്ലെടോ. ൨൫

എന്നാൽ ഷഡ്വർഗ്ഗമതിന്നു പ്രാമാണ്യം പെരികെയുണ്ടെടോ
ഒരുരാശീലിപ്പറഞ്ഞതതെന്നാൽ മററുള്ളതോ പുനഃ. ൨൬

പന്ത്രണ്ടിനാൽ പെരുക്കുമ്പോൾ വരുമല്ലോ പറഞ്ഞതാ
ഇതതാകെയെ രാപ്പന്നായിരം ഷാ മുണ്ടോ വരുന്നിതു്. ൨൭

അതിൽ ഷഡ്വർഗ്ഗം പ്രധാനമായതിൻകൊള്ളുന്നതുമാം
അതിലും ക്ഷേത്രം നവാംശംപോലൊരെണ്ണില്ലിങ്കിൽ ഫലമതും. ൨൮

സൂൎയ്യാദിഗ്രഹമേഴാറിട്ടാധിപത്യമിതിന്നെടോ
ചന്ദ്രപാതൻ രാഹുവൊന്നുകൂട്ടി മൌഹൂൎത്തവാദികം. ൮൯

അഷ്ടഗ്രഹങ്ങളെന്നല്ലോ ചൊല്ലീ തൊഷം ഗണിപ്പതും
രാഹുവിൻെറ സപ്തമം കേതുവൊന്നുകൂട്ടീട്ടനന്തരം. ൯൦

നക്ഷത്രജാതകാദീങ്കൽ ഗ്രഹമൊൻപതു ചൊല്ലിനാർ
പ്രശ്നവാദികളോരോരോ സംപ്രദായവിശേഷതഃ, ൯൧

ഗ്രഹങ്ങൾ പലവുണ്ടല്ലോ പറയുന്നു പലദേശമായ്
ദേശഭേദം എന്നതു ചൊല്ലീയാൎയ്യാസപ്തതികാരനും. ൯൨

ഇതിൽതന്നെ പ്രകാരങ്ങൾ പലവും ചൊല്ലിയില്ലയോ
പഞ്ചസിദ്ധാന്തമെന്നതാലഞ്ചുജാതി വരുന്നവ. ൯൩

സ്ഥൂലഗ്രഹങ്ങളെന്നേപേർ ഗണിച്ചിട്ടൊത്തുകാണ്കിലും
ജ്യോതിർഗ്രഹങ്ങളാകുന്നതെന്നു ചൊല്ലാമിതൊൻപതും. ൯൪

പ്രാണഗ്രഹങ്ങളായിട്ടും സൂക്ഷ്മഗ്രഹമതാകിലും
യാമഗ്രഹങ്ങളായിട്ടും ഘോരഗ്രഹമതാകിലും. ൯൫

നാലുജാതി നടേ ചൊല്ലാം നാഴികക്ക വരുന്നതു
ഒൻപതിനഞ്ചുമാകുമ്പോൾ നാല്പത്തഞ്ചിവയൊക്കവേ. ൯൬

ഗുളികൻ ശനിതൻപുത്രൻ യമകണ്ടകനെന്നതു
വ്യാഴത്തിങ്കൽ വരും ബന്ധം ചൊല്ലുകൊണ്ടാശവാദങ്ങളോ. ൯൭

അവനൊപ്പ്രകാരന്താൻ ഗുളികാദികൾ മൂന്നിവ
യാമഗ്രഹങ്ങളാകുന്നതിവയും നിശ്ചയം പുനഃ. ൯൮

ദേഹപ്രാണങ്ങളും കാലൻ മൃത്യുവും നാലിതിങ്ങനെ
ധൂമാദികളതഞ്ചുണ്ടു കമ്പാല്പ്പാദികൾ നാലുള. ൯൯

